
# ബൈബിൾ ട്രൂത്ത്



## എഴുതുക, സമ്മാനം നേടുക

1990 ഏപ്രിൽ മുതൽ 91 മാർച്ച് വരെ പ്രസിദ്ധീകരിക്കുന്ന ബൈബിൾ ട്രൂത്തിലെ ലേഖനങ്ങളിൽ തിരഞ്ഞെടുക്കുന്ന ഏററവും നല്ല ആവിഷ്ക്കരണത്തിന് സമ്മാനം ലഭിക്കുന്നതാണ്. ലേഖനങ്ങൾ സമ്മാനാർഹമാകണമെങ്കിൽ, 3 പേജിൽ കവിയാത്തതും പേപ്പറിൻെറ ഒരുവശത്ത് മാത്രം എഴുതിയതും ആയിരിക്കണം. മററു പുസ്തകങ്ങളിൽ പ്രസിദ്ധീകരിച്ചവ ആകരുത്. ബൈബിൾ സത്യത്തിൽ ഉൾക്കൊള്ളുന്നവയായിരിക്കണം. പൂർണ്ണമായ മേൽവിലാസവും ഒപ്പിട്ട സാക്ഷ്യപത്രവും ഉണ്ടായിരിക്കണം. ലേഖനങ്ങൾ തിരിച്ചു വേണമെന്നുള്ളവർ മുൻകൂട്ടി അറിയിക്കുക. അന്തിമ തീരുമാനം പ്രസാധക സമിതിയുടേത്.

---

## കുടുംബപ്രശ്നങ്ങളും പരിഹാരവും

വായനക്കാർക്കും മററനേക കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു പരമ്പര ബൈബിൾ ട്രൂത്തിൽ ഏപ്രിൽ മുതൽ പ്രതീക്ഷിക്കാം. അതിൽ നിങ്ങളും പങ്കുചേരുക.

നിങ്ങൾ ചെയ്യേണ്ടത്, നിങ്ങളുടെ വീട്ടിലെ ഏതൊരംഗത്തിൻേറയും പ്രശ്നങ്ങൾ എഴുതാം. ഭാര്യ ഭർത്താവിൻെറ, ഭർത്താവ് ഭാര്യയുടെ, മാതാപിതാക്കൾ, കുഞ്ഞുങ്ങളുടെ, കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ. നിങ്ങൾ ഭയപ്പെടേണ്ട! നിങ്ങളുടെ പേരോ മേൽവിലാസമോ ഒരിക്കലും ഞങ്ങൾ പ്രസിദ്ധീകരിക്കുകയില്ല. പ്രശ്നങ്ങൾ മാത്രമല്ല, അവയ്ക്കുള്ള പരിഹാരം കൂടെ നിർദ്ദേശിക്കാം. പ്രശ്നങ്ങൾ ഇല്ലാത്ത ഭവനങ്ങളില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് ഒത്തുചേർന്നു ശ്രമിക്കാം.

എഡിററർ

# ബൈബിൾ ട്രൂത്ത്

**Editors**

P. K. VARGHESE *** *** J. C. CHOATE ***

**Published by church of christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 3 March 1990 No. 12


## എഡിറ്റോറിയൽ

എന്റെ ഒരു സഹോദരന്റെ മകന് യാക്കോബായ സമുദായത്തിൽപ്പെട്ട ഒരു പെൺകുട്ടിയെ ഇഷ്ടപ്പെട്ടു. മാതാപിതാക്കളും ബന്ധുക്കളും കൂടി ആലോചിച്ച് വിവാഹവും നിശ്ചയിച്ചു. ബന്ധപ്പെട്ട രേഖകളുമായി നിശ്ചിതദിവസം വധൂവരന്മാരും അവരുമായി ബന്ധപ്പെട്ട എല്ലാവരും പള്ളിയിൽചെന്നു. പെൺകുട്ടി ഇതരസമുദായത്തിൽപെട്ടതായതു കൊണ്ട് പുരോഹിതൻ കുട്ടിയെ വിളിപ്പിച്ച് പോപ്പിനെ വിശ്വസിക്കുന്നുവോ, എന്ന് ചോദിച്ച് ഏററുപറയിച്ചശേഷമേ വിവാഹം നടത്തിയുള്ളു. രണ്ടു വ്യക്തികളെ തമ്മിൽ യോജിപ്പിക്കുന്ന വിവാഹവും പോപ്പിനെ ഏററുപറയിപ്പിക്കലും തമ്മിൽ ബന്ധിപ്പിക്കുന്നതിന്റെ ഉദ്ദേശം എന്തുതന്നെ ആയാലും അതു വചന വിരുദ്ധമാണ്. തിരുവചനത്തിൽ പറയുന്നതു, യേശുക്രിസ്തു ദൈവ പുത്രനാണ് എന്നുള്ള വിശ്വാസം ഏററുപറയുന്നതിനാണ്. അതു പിതാവിന്റെ മുമ്പിൽ അവൻ നമ്മെ ഏററുപറയുന്നതിനാണ്. ദൈവം അരുളിച്ചെയ്യാത്ത അനാചാരങ്ങളും ഒഴിവാക്കി ദൈവകല്പനകളും അവർ അനുസരിക്കുകയും, മററുള്ളവരെ അതു അനുസരിപ്പിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ ഈ മതാദ്ധ്യക്ഷന്മാർക്ക് ദൈവാനുഗ്രഹം കിട്ടും. അതല്ലെങ്കിൽ ദൈവശിക്ഷയായിരിക്കും ഫലം.

പി. കെ. വർഗീസ്

# നല്ലവർ എല്ലാവരും രക്ഷിക്കപ്പെടുമോ ?

J. C. ചോട്ട്

ക്രിസ്തുവിൽ വിശ്വസിക്കുന്ന വിവിധതരം ആളുകളുണ്ടല്ലോ. പലപ്പോഴും പലരാലും ചോദിച്ചിട്ടുള്ള ഒരു ചോദ്യമാണ് നാമധേയ വിഭാഗങ്ങളിലുള്ള എല്ലാവരും നഷ്ടപ്പെട്ടുപോകുമോ? അവയിലും നല്ലവരായ എത്രയോ ആളുകളില്ലേ എന്ന്. ക്രിസ്തുവിന്റെ സഭയെകുറിച്ച് അറിവില്ലായ്മകൊണ്ട്, എത്രയോ ആളുകൾ ഈ വിഭാഗങ്ങളെ വർഷങ്ങളായി ആശ്രയിച്ച് വരുന്നവരുടെ സ്ഥിതി എന്താകും എന്ന് കർത്താവിന്റെ സഭയിലുള്ളവരും ചോദിച്ചിട്ടുണ്ട്. ധാർമ്മികമായി നല്ലജീവിതം നയിക്കുന്ന മററനേകം പേരുണ്ടല്ലോ അവർക്ക് എന്തുസംഭവിക്കുമെന്ന് ചോദിക്കുന്നവരുണ്ട്. മുകളിൽ പ്രസ്താവിക്കപ്പെട്ട ആളുകൾ എല്ലാം സ്വർഗ്ഗത്തിൽ പോകുമെന്ന ധാരണയോടെയാണ് ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്നതു. തീർച്ചയായും ഞാൻ അവരെ വിധിക്കുവാനാളല്ല, അവർ ദൈവത്തിന്റെ കൈകളിലാണ്. ദൈവം അവരെ ന്യായമായി വിധിക്കും എന്നതു ഉറപ്പാണ്. എന്നാൽ ഇന്നു നാം ജീവനോടെ ഇരിക്കുന്ന സമയമാണ്. എന്നേയും നിങ്ങളേയും കുറിച്ച് തിരുവചനത്തിൽ എന്തു പറയുന്നു എന്നതാണ് ആധികാരികമായി നാം എടുക്കേണ്ടത്.

ആദ്യമായി, എല്ലാവരും പാപികളായതുകൊണ്ട് എല്ലാവരും നഷ്ടപ്പെട്ടവരാണെന്നു ബൈബിൾ പഠിപ്പിക്കുന്നു. നന്മയും തിന്മയും വേർതിരിച്ചറിയാൻ കഴിവുള്ള പ്രായമെത്തിയ സകല മനുഷ്യരും പാപികളായിട്ടാണ് വചനത്തിൽ തരംതിരിച്ചിരിക്കുന്നത്. പൗലോസ് പറഞ്ഞു, "എല്ലാവരും പാപംചെയ്തു" (റോമർ 3:23) ലോകം മുഴുവൻ ദുഷ്ടതയിൽ അധീനമായിരിക്കുന്നുവെന്നാണ്. ഇതു വാസ്തവമെങ്കിൽ മനുഷ്യർ തങ്ങളുടെ പാപത്തിൽ രക്ഷപ്രാ

പിക്കുന്നതെങ്ങനെ? ധാർമ്മികമായ നല്ല ജീവിതം മാത്രം പോരാ എന്നു തെളിയുന്നു. അതുമാത്രം മതിയായിരുന്നെങ്കിൽ കൊർന്നെല്യോസിനോട് സുവിശേഷം അറിയിക്കേണ്ട ആവശ്യമേ ഇല്ലായിരുന്നു. ലോകം മുഴുവൻ സുവിശേഷം പ്രസംഗിപ്പാൻ ശിഷ്യന്മാരോട് കല്പിക്കേണ്ട ആവശ്യമില്ലായിരുന്നു. അവർ നല്ലവരാകാം മനുഷ്യദൃഷ്ടിയിൽ. പക്ഷേ ദൈവത്തിന്റെ ദൃഷ്ടിയിൽ അവർക്കും പാപമോചനം ആവശ്യമാണ്. മതഭക്തിയും മാത്രം പോരാ. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്ന പരിവർത്തനം ചെയ്യപ്പെട്ട വ്യക്തികളിൽ മിക്കവരും മതഭക്തിയുള്ളവരും നല്ലവരും ആയിരുന്നു മുൻപ്. അതിനാൽ അവയല്ല, രക്ഷിക്കപ്പെടുവാനുള്ള മാനദണ്ഡം എന്നു സ്പഷ്ടമാണല്ലോ.

രണ്ടാമതായി മനുഷ്യർക്കു തങ്ങളുടെ പാപങ്ങളിൽനിന്നു മോചിതരാവാൻ ഒരു രക്ഷകന്റെ ആവശ്യമുണ്ടായിരുന്നു. അതായതു മനുഷ്യർക്കു സ്വയമായി രക്ഷപ്പെടുവാൻ കഴിയാതെ വന്നു എന്നർത്ഥം. അതുകൊണ്ട് യേശു ലോകത്തിലേക്കുവന്നു. അവരെ രക്ഷിക്കേണ്ടതിന്; നമ്മെ രക്ഷിക്കേണ്ടതിന്. നമ്മുടെ അകൃത്യങ്ങൾക്കായി അവൻ മരിച്ചു എന്നാണ് പൗലോസ് പ്രസ്താവിച്ചത് (1 കൊരിന്ത്യർ 15:3); അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു; നമ്മുടേതിനു മാത്രമല്ല; സർവ്വലോകത്തിന്റെ പാപത്തിനും തന്നെ. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്, ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ'' എന്നാണ്. പൗലോസ് യേശുവിന്റെ വരവിനെ വിവരിക്കുന്നതുനോക്കുക! ''പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്തു. നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം. ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. (റോമർ 5:6-9).

എന്നാൽ യേശു എന്തിനുവേണ്ടി ലോകത്തിലേക്കുവന്നു? നാം ഇപ്പോൾ തന്നെ വായിച്ചുകേട്ട ഭാഗങ്ങളും മററനേക വാക്യങ്ങളും

(ശേഷം 27-ാം പേജിൽ)

# എൻെറ സഭ

എം. കെ. കുര്യൻ

(തുടർച്ച)

ഇതിൽ നിന്നും ക്രിസ്ത്യാനികാം എന്നു പറയുന്നതു ക്രിസ്തുവിൻെറ ശിഷ്യന്മാരും ക്രിസ്തുവിൻെറ സഭയും ആകുന്നു എന്നു വ്യക്തമായി തെളിയുന്നു. എന്നാൽ അവർ രക്ഷിക്കപ്പെട്ടതും കർത്താവിനാൽ സഭയോടു ചേർക്കപ്പെട്ടതും എപ്രകാരമായിരുന്നു എന്നു മനസ്സിലാക്കിയിരിക്കേണ്ടതു നമ്മുടെ രക്ഷക്കു കാരണമായി ഭവിക്കുന്ന ഒരു യാഥാർത്ഥ്യമാണു. രക്ഷിക്കപ്പെടുവാനും, നശിച്ചുപോകാതിരിപ്പാനും അപ്പോസ്തലന്മാരാൽ നൽകപ്പെട്ട സുവിശേഷം അഥവാ രക്ഷിക്കപ്പെടുവാനുള്ള ഉപദേശരൂപത്തെ അവർ ഹൃദയപൂർവ്വം അനുസരിച്ചു എന്ന് വെളിപ്പെടുത്തിയിരിക്കുന്നു (റോമ: 6:17-18). രക്ഷിക്കപ്പെടുവാനുള്ള ആ ഉപദേശരൂപത്തിൽ ഏററവും മുഖ്യമായതു കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കണം എന്നതാണു (യോഹ: 3:16), ((പ്രവൃ: 16:31), (4:12). എന്നാൽ രക്ഷിക്കപ്പെടുവാൻ തക്കവണ്ണമുള്ള ഒരു വിശ്വാസം വരേണ്ടതിന്ന് ആദ്യമായി, അപ്പോസ്തലന്മാർ ഉപദേശിച്ച വിശ്വാസവചനം അഥവാ സുവിശേഷം കേൾക്കണമെന്നും അവർ ഉപദേശിച്ചിരുന്നു (റോമ: 10:8—വാക്യം 17), (പ്രവൃ: 2:22), (എഫെ: 1:13-14), ഇതിൽ നിന്നും രക്ഷിക്കപ്പെടേണ്ടതിന്ന് നാം ആദ്യം സുവിശേഷം കേൾക്കയും യേശുക്രിസ്തുവിൽ വിശ്വസിക്കയും ചെയ്യണമെന്നു തെളിയുന്നു. മാത്രമല്ല മാനസാന്തരപ്പെടണമെന്നും അവർ ഉപദേശിച്ചു (പ്രവൃ. 3:19), (17:30). എന്തുകൊണ്ടെന്നാൽ "മാനസ്സാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും" എന്നു ക്രിസ്തു മുമ്പു കൂട്ടി കല്പിച്ചിരുന്നു (ലൂക്കോ. 13:3-5). മാനസ്സാന്തരപ്പെടഞ്ഞാൽ എല്ലാവരും നശിച്ചു പോകും എങ്കിൽ, മാനസ്സാന്തരപ്പെടാതെ നാം എങ്ങനെ രക്ഷിക്കപ്പെടും?

എന്നാൽ മാനസാന്തരം എന്താണ്? ചില മനുഷ്യർ (അവർ ഏതു മതമായാലും, ഏതു സമുദായമായാലും, ഒരു നിരീശ്വരവാ

ദിയായിരുന്നാൽ തന്നെയും). യാദൃശ്ചികമായി കൊലപാതകം, വ്യഭിചാരം, ബലാത്സംഗം, മോഷണം മുതലായ കുററകൃത്യങ്ങൾ ചെയ്തുപോയശേഷം അതേക്കുറിച്ച് പശ്ചാത്തപിക്കയും വീണ്ടും അപ്രകാരം ചെയ്യാതെ ജീവിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കയും ചെയ്യുന്നതായി കാണുന്നു. എന്നാൽ ഇത് മാനസാന്തരം തന്നെ എങ്കിലും ആ മാനസാന്തരത്താൽ അവർ രക്ഷിക്കപ്പെടുന്നില്ല. ഇഹലോകത്തിലെ താല്ക്കാലികമായ നില്ലനില്പിനു മാത്രം അതു ഉതകുന്നു. അതുകൊണ്ട് അതു ക്രിസ്തുവോ അപ്പോസ്തലൻമാരോ കൽപ്പിച്ച മാനസാന്തരമല്ല. ''കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ'' എന്നു ക്രിസ്തു പറഞ്ഞതു പ്രത്യേക ശ്രദ്ധക്കു വിധേയമാണ് എന്നു നാം മനസ്സിലാക്കണം (മർക്കോ: 1;14-15). വേദപുസ്തകം പരിശോധിച്ചാൽ ലോകാരംഭം മുതൽ ലോകാവസാനം വരെ മൂന്നു കാലങ്ങൾ അഥവാ യുഗങ്ങൾ ഉള്ളതായി തെളിയുന്നു, 1) പിതാക്കൻമാരുടെ കാലം, 2) പ്രവാചകൻമാരുടെ (യെഹൂദൻമാരുടെ) കാലം, 3) ക്രിസ്തീയ കാലം ഇവയാണത്. ഇതിൽ ക്രിസ്തീയ കാലത്തെ അടിസ്ഥാനമാക്കിയാണ് ദൈവരാജ്യം എന്ന് ക്രിസ്തു പറഞ്ഞത്. ആ ദൈവരാജ്യമാണ് ക്രിസ്തുവിന്റെ സഭ. പിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും കാലം തികഞ്ഞു, ക്രിസ്തീയ കാലം ആസന്നമായിരിക്കുന്നു എന്നാണതിന്റെയർത്ഥം. ആയതിനാൽ മാനസാന്തരവും രക്ഷിക്കപ്പെടുവാനുള്ള ഉപദേശരൂപത്തിന്റെ ഒരു ഭാഗമാണു. അതായത് ക്രിസ്തുവും അപ്പോസ്തലന്മാരും അക്രൈസ്തവരോടു പറഞ്ഞ മാനസാന്തരം (മത്താ: 4:17), (മർക്കോ: 1:14–15), (മർക്കോ: 9:1).

സുവിശേഷം സകല മനുഷ്യർക്കും രക്ഷക്കായുള്ള ദൈവശക്തിയാകുന്നു (റോമ 1:16). അതുകേട്ടു വിശ്വസിച്ചു മാനസാന്തരപ്പെടണം. കാരണം മററു സകലനിയമങ്ങൾക്കും ന്യായപ്രമാണത്തിനും മനുഷ്യരെ രക്ഷിക്കുവാനുള്ള ശക്തിയില്ല. തന്നിമിത്തം പാപം ചെയ്യാതെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യരെ പോലും പാപികളായി ദൈവം ചിത്രീകരിച്ചിരിക്കുന്നു. അതുകൊണ്ടു നാശത്തിലേക്കു അനേകർ പോകുന്ന വീതിയുള്ള വാതിലും വിശാലമായ വഴിയും ഉപേക്ഷിച്ച് ജീവങ്കലേക്ക് ചുരുക്കം പേർ മാത്രം പോകുന്ന ഇടുക്കുവാതിൽ കടന്ന് ഞെരുക്കമുള്ള വഴിയിലേക്ക് കടക്കുവാൻ സ്വയം ഒരു തീരുമാനം എടുക്കുന്ന അവസ്ഥയാണു ക്രിസ്തുവും അപ്പാസ്തലന്മാരും കല്പിച്ച മാനസാന്തരം (റോമ: 8:2–4) (മത്താ: 7:13-14). എന്റെ സഭ എന്ന് ക്രിസ്തു പറഞ്ഞത് ഈ ഞെരുക്കമുള്ള വഴിയാണു. എന്നാൽ രക്ഷിക്കപ്പെട്ട

ശേഷവും ക്രിസ്തുവിന്റെ സഭക്ക് അഥവാ ക്രിസ്ത്യാനികൾക്കു പലപ്പോഴും മാനസ്സാന്തരപ്പെടേണ്ട ആവശ്യം വരുന്നു. ഈ മാനസാന്തരം, ലഭിച്ച രക്ഷ നഷ്ടപ്പെട്ടുപോകാതിരിപ്പാൻ ക്രിസ്ത്യാനികളെ സഹായിക്കുന്നു (2 പത്രോ. 3:9) (1 യോഹ 1:7;10). ഇതിൽ നിന്നെല്ലാം രക്ഷിക്കപ്പെടുവാൻ സുവിശേഷം കേൾക്കണമെന്നും, യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നും, മാനസാന്തരപ്പെടണമെന്നും നാം പഠിച്ചു. എങ്കിലും നാം രക്ഷിക്കപ്പെടുവാൻ അനുസരിക്കേണ്ടതായ ഉപദേശരൂപം ഇവിടെ അവസാനിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ രക്ഷിക്കപ്പെടേണ്ടതിനു യേശുവിനെ ഏററുപറയണം എന്നും അവർ ഉപദേശിച്ചിരുന്നു (റോമ. 10:9-10).

കാരണം "മനുഷ്യരുടെ മുമ്പിൽ എന്നെ ഏററുപറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏററുപറയും" എന്നു ക്രിസ്തു അവരോടു കല്പിച്ചിരുന്നു. ഏററുപറയാത്തവൻ നിരസിക്കുന്നു അഥവാ തള്ളിപ്പറയുന്നു. ആയതിനാൽ ഏററുപറയാത്തവനെ ദൈവമുമ്പാകെ ക്രിസ്തുവും തള്ളിപ്പറയും. (മത്താ. 28;19-20), (മത്താ. 10:32-33), (യോഹ. 12:41-43). ആയതിനാൽ ക്രിസ്തു തള്ളിപ്പറയുന്നവൻ രക്ഷിക്കപ്പെടുന്നതെങ്ങനെ? നാം രക്ഷിക്കപ്പെടേണ്ടതിന് അനുസരിക്കേണ്ടതായ ഏററവും പ്രാധാന്യമർഹിക്കുന്നതും അവസാനത്തേതുമായ ഉപദേശരൂപമാണ് പാപങ്ങളുടെ മോചനത്തിനും പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കേണ്ടതിനുമായി യേശുക്രിസ്തുവിന്റെ നാമത്തിൽ വെള്ളത്തിൽ സ്നാനം ഏല്ക്കണം എന്നുള്ളതു (1 പത്രോ. 3:20-21) (പ്രവൃ. 2:38-39). സ്നാനം ഏല്ക്കാഞ്ഞാൽ പരിശുദ്ധാത്മാവ് എന്ന ദാനവും പാപമോചനവും ലഭിക്കയില്ല. രക്ഷിക്കപ്പെടുകയുമില്ല (മർക്കോ. 16;15,16). സ്നാനം ഏൽക്കാഞ്ഞാൽ പാപമോചനവും പരിശുദ്ധാത്മ ദാനവും ലഭിക്കയില്ല എങ്കിൽ സ്നാനം ഏൽക്കാഞ്ഞാൽ നാം എങ്ങനെ രക്ഷിക്കപ്പെടും? (റോമ. 8:9) (2 യോ. 8;9).

നാം രക്ഷിക്കപ്പെടുവാനുള്ള ഉപദേശരൂപം ഇപ്രകാരം. സുവിശേഷം കേൾക്കണം, യേശുക്രിസ്തുവിൽ വിശ്വസിക്കണം, മാനസാന്തരപ്പെടണം, യേശുവിനെ ഏററുപറയണം, യേശുക്രിസ്തുവിന്റെ നാമത്തിൽ വെള്ളത്തിൽ സ്നാനം ഏൽക്കണം എന്നിവ മാത്രമാണു. ഇതുകൂടാതെയുള്ള മററു ഉപദേശങ്ങൾ എല്ലാം നമ്മുടെ ആത്മീകവളർച്ചക്കും തന്നിമിത്തം വിശുദ്ധീകരണം ലഭിക്കേണ്ടതിനും നിത്യജീവൻ ലഭിക്കേണ്ടതിനുമാണ് (റോമ. 6:22). രക്ഷിക്കപ്പെടുവാൻ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതി എന്നു പഠിപ്പിക്കുന്ന ചില നാമധേയ വിഭാഗങ്ങൾ ഇതിൽ നിന്നും എന്തു മനസിലാക്കുന്നു? ഇന്നും മേൽ വിവരിച്ചതായ ഉപദേശരൂപ

ത്തെ ഹൃദയ പൂർവ്വം അനുസരിച്ചാൽ നാം രക്ഷിക്കപ്പെടുകയും കർത്താവു നമ്മെ അവന്റെ സഭയോടു ചേർക്കയും ചെയ്യും. ആ സഭയെക്കുറിച്ചാണ് "എന്റെ സഭ" എന്നു ക്രിസ്തു പറഞ്ഞതു (മത്തായി. 16:18). ഇപ്രകാരം നാം രക്ഷിക്കപ്പെട്ടാൽ ക്രിസ്തുവിന്റെ സഭ എന്നു പറയുന്നതു നാം തന്നെ. കർത്താവിന്റെ ശിഷ്യന്മാരും നാം തന്നെ. ക്രിസ്ത്യാനികം ആയിരിക്കുന്നതും നാം തന്നെ. ഏകദേശം എ. ഡി. 30–നും, 33 നുമിടയിൽ ക്രിസ്തു സ്ഥാപിച്ചതായ അവന്റെ ഈ സഭ ഇക്കാലത്തും അവൻ തന്നെ പണിതു കൊണ്ടിരിക്കുന്നു. എന്നാൽ നാമധേയ വിഭാഗങ്ങളിലെ ചില പുരോഹിതന്മാരും മററും പറയുന്നത് ക്രിസ്തുവിന്റെ ഈ സഭ ഇന്നലെ പെയ്തമഴയ്ക്കു ഇന്നു കുരുത്ത തകര എന്നും മനുഷ്യരായ തലവന്മാർ ഇല്ലാത്തതുമായ ഒരുകൂട്ടം എന്നും ഒക്കെയാണു, സത്യം അറിയുവാനും സത്യം അവരെ സ്വതന്ത്രന്മാരാക്കുവാനും ദൈവം അവർക്ക് കൃപ നല്കട്ടെ എന്ന് ക്രിസ്തുവിന്റെ സഭകൾ അവർക്കുവേണ്ടി ദൈവത്തോടു യാചിക്കയും സത്യം ധൈര്യത്തോടുകൂടി സകലരേയും അറിയിച്ചു കൊണ്ടും ഇരിക്കുന്നു.

പ്രിയരേ, ഇപ്രകാരം സുവിശേഷം അനുസരിച്ച് ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ" എന്നു ഇന്നും ദൈവത്തിന്റെ വചനം നിങ്ങളോടു ആഹ്വാനം ചെയ്യുന്നു. അതനുസരിച്ച് രക്ഷപ്രാപിപ്പാനും ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളായി ക്രിസ്തുവിൽ എല്ലാവരും ഒന്നാകുവാനും ദൈവം സകല മനുഷ്യർക്കും കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# ദൈവരാജ്യം– പ്രവചനത്തിലൂടെ

"എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവിൻ" (മത്താ. 25:34).

നിങ്ങൾ ഈ കേട്ട മനോഹരമായ വാഗ്ദാനം ലോകാവസാന

ത്തിനും അന്ത്യന്യായവിധിക്കും ശേഷം കർത്താവായ യേശുക്രിസ്തു തന്റെ ഇഷ്ടപ്രകാരം ദൈവത്തിനും മനുഷ്യർക്കും കൊള്ളാവുന്ന ജീവിതം നയിച്ചവരോട് പറയുന്നതത്രേ. ദൈവത്താൽ ലോകസ്ഥാപനം മുതൽ ഒരുക്കപ്പെട്ട ദൈവ മക്കൾക്കു വേണ്ടിയുള്ള ഈ രാജ്യം എപ്രകാരം പഴയനിയമ പ്രവചനങ്ങളിലൂടെ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു എന്നു കാണാം.

ആദ്യമായി ക്രിസ്തുവിന് ഏതാണ്ട് 603 വർഷം മുമ്പ് ദാനിയേൽ പറയുന്നതും ബാബിലോണിയൻ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരുന്ന നെബുഖദ്നേസറിന്റെ സ്വപ്നവുമായി ബന്ധപ്പെട്ടതുമായ ഒരു പ്രവചനം നമുക്കു നോക്കാം. "രാജാവു കണ്ട ദർശനമോ! വലിയോരു ബിംബം; വലിപ്പമേറിയതും വിശേഷശോഭയുള്ളതുമായ ആ ബിംബം തിരുമുമ്പിൽ നിന്നു; അതിന്റെ രൂപം ഭയങ്കരമായിരുന്നു. ബിംബത്തിന്റെ തല തങ്കം കൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും വയറും അരയും താമ്രംകൊണ്ടും തുട ഇരുമ്പുകൊണ്ടും കാൽ പാതി ഇരുമ്പുകൊണ്ടും പാതി കളിമണ്ണുകൊണ്ടും ആയിരുന്നു. തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരുമ്പും കളിമണ്ണും കൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു. ഇരുമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽകാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതെ വണ്ണം കാററു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു. ഇതത്രേ സ്വപ്നം. അർത്ഥവും അടിയങ്ങൾ തിരുമനസ്സിനെ അറിയിക്കാം.

രാജാവേ തിരുമനസ്സു കൊണ്ട് രാജാധിരാജാവാകുന്നു സ്വർഗ്ഗസ്ഥനായ ദൈവം തിരുമനസ്സിലേക്കു രാജത്വവും ഐശ്വര്യവും ശക്തിയും മഹത്വവും നൽകിയിരിക്കുന്നു. മനുഷ്യർ പാർക്കുന്നേടത്തൊക്കെയും അവരെയും കാട്ടിലെ മൃഗങ്ങളേയും ആകാശത്തിലെ പക്ഷികളേയും അവൻ തൃക്കയ്യിൽ തന്നു. എല്ലാററിനും തിരുമനസ്സിനെ അധിപതി ആക്കിയിരിക്കുന്നു; പൊന്നു കൊണ്ടുള്ള തല തിരുമനസ്സുതന്നേ തിരുമനസ്സിനു ശേഷം തിരുമേനിയെക്കാൾ താണതായ മറെറാരു രാജത്വവും സർവ്വഭൂമിയിലും വാഴുവാനിരിക്കുന്നതായി താമ്രം കൊണ്ടുള്ള മൂന്നാമതൊരു രാജത്വവും ഉത്ഭവിക്കും. നാലാമത്തെ രാജത്വം ഇരുമ്പുപോലെ ബലമുള്ളതായിരിക്കും; ഇരുമ്പു സകലത്തെയും തകർത്തു കീഴടക്കുന്നുവല്ലോ. തകർക്കുന്ന ഇരുമ്പുപോലെ അതു അവയെ ഒക്കെയും ഇടിച്ചു തകർത്തുകളയും. കാലും കാൽ വിരലും പാതി കളിമണ്ണും പാതി ഇരുമ്പും കൊണ്ടുള്ളതായി കണ്ടതിന്റെ താല്പ്പ

(ശേഷം 23-ാം പേജിൽ)

# സഭകളും സഭാദ്ധ്യക്ഷന്മാരും

## ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കം തുടർച്ച)

### സ്വർഗ്ഗരാജ്യം

സ്വർഗ്ഗരാജ്യം ഇതുവരെ സ്ഥാപിച്ചിട്ടില്ല. **(vol:1 page 172)** സ്വർഗ്ഗരാജ്യം സ്ഥാപിച്ചത് മില്ലെനിയ സിദ്ധാന്തം ഉണ്ടായതു മുതലാണ്. **(vol: 1 page 73)**

ബൈബിൾ—

1. സ്നാപക യോഹന്നാനും യേശുവും അവരുടെ കാലയളവിൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിച്ചു. (മത്താ: 3: 2; 4: 17)
2. സ്വർഗ്ഗരാജ്യം വരുന്നതുവരെ മരണം ആസ്വദിക്കാത്തവർ നിങ്ങളുടെ ഇടയിൽ ചിലർ ഉണ്ടെന്ന് യേശു പറഞ്ഞു. (മത്താ: 16; 28, മർക്കൊ 9: 1)
3. ദൈവത്തിന്റെ പ്രിയപുത്രന്റെ രാജ്യത്തിലേക്ക് ഇന്നു നമ്മെ ഒരുക്കിവച്ചിരിക്കുന്നു. (കൊലൊ 1: 13). ഇന്നു സ്വർഗ്ഗ രാജ്യം നിലനിൽക്കുന്നില്ലായെങ്കിൽ നമ്മെ എങ്ങനെ അതിൽ ആക്കിവെക്കുവാൻ സാധിക്കും. ക്രിസ്തു സ്ഥാപിച്ച സഭയാണ് ഇന്ന് ലോകത്തിലെ സ്വർഗ്ഗരാജ്യം.

### പാപം

ഓരോരുത്തരും അവരവരുടെ പാപങ്ങൾക്ക് വേണ്ടിയല്ല മരിക്കുന്നത്. എന്നാൽ ആദാമിന്റെ പാപത്തിനു വേണ്ടിയാകുന്നു. **(vol 1 page 109)**

ബൈബിൾ-

1. നാം മരിക്കുന്നതു ആദാമിന്റെ പാപത്തിന് വേണ്ടിയല്ലാ നമ്മുടെ സ്വന്ത പാപത്തിനു വേണ്ടിയാണ്. (റോമ. 5: 12)
2. എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിതീർന്നു (റോമ: 3:23).

മാനസാന്തരം

സുവിശേഷകാലഘട്ടത്തിൽ ദൈവം പാപികളെ മാനസാന്തരപ്പെടുത്തിയിരുന്നില്ല. എന്നാൽ മില്ലെനിയ സിദ്ധാന്തങ്ങളുടെ ആവിർഭാവത്തോടുകൂടി മാനസാന്തര പ്രവർത്തനം ആരംഭിച്ചു.

(Vol 1: page 95, 98)

ബൈബിൾ-

1) പാപികളെ രക്ഷിക്കുന്നതിനു സുവിശേഷം പ്രസംഗിക്കപ്പെടണമെന്നു ക്രിസ്തു കൽപ്പിച്ചു (മർക്കൊ 16: 15,16).

2) മില്ലെനിയ സിദ്ധാന്തങ്ങളുടെ ആവിർഭാവത്തിനുമുമ്പേ രക്ഷ നൽകപ്പെട്ടിരുന്നു (അ: പ്ര: 2: 40; 13: 26,47).

3) ഇന്നു രക്ഷയുടെ ദിവസമാകുന്നുവെന്നു പൗലോസ് പറയുന്നു (2 കൊരി: 6;2; ഫിലി: 2:12).

4) ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നു ദൈവം കൽപ്പിക്കുന്നതായി പൗലോസ് പറയുന്നു. (അ: പ്ര: 17:30)

5) ഇത്ര വലിയ രക്ഷയെ ഗണ്യമാക്കാതെ പോയാൽ നാം രക്ഷപ്പെടുകയില്ലായെന്നു എബ്രായ ലേഖകൻ പറയുന്നു. (എബ്രാ: 2:3, 4)

രക്ഷ

രക്ഷ വിശ്വാസത്താൽ മാത്രം ലഭിക്കുന്നതാകുന്നു.

(Vol 1; page 100)

ബൈബിൾ

1) പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാകുന്നു. (യാക്കോ: 2: 26)

2) പ്രവൃത്തിയാൽ അബ്രഹാമിന്റെ വിശ്വാസം നീതീകരിക്കപ്പെട്ടു. (യാക്കോ: 2:21)

3) വിശ്വാസത്താൽ മാത്രം നാം നീതീകരിക്കപ്പെടുകയില്ലായെന്നു യാക്കോബ് പറയുന്നു. (യാക്കോ: 2:24)

4) വിശ്വാസത്താൽ മാത്രം നാം രക്ഷപ്പെടുമെങ്കിൽ എല്ലാ പിശാചുക്കളേയും ദൈവം രക്ഷിക്കണം. അതു ദൈവനീതിക്കു എതിരാണ് (യാക്കോ: 2;19).

രണ്ടാമത്തെ അവസരം

ഓരോ മനുഷ്യർക്കും രണ്ടാമത്തൊരവസരം കൂടി ഉണ്ട്.

(Vol 1; page 130; 131, 143, 150)

ബൈബിൾ-

1) രണ്ടാമത്തെ അവസരം ബൈബിളിൽ പഠിപ്പിക്കപ്പെടുന്നില്ല. കൂടാതെ പല അവസരങ്ങളിലും അതു നിഷേധിച്ചിരിക്കുന്നു. (ലൂക്കൊ 9: 59—62; 16: 19-31; അ:പ്ര: 13: 34-46; 18: 5,6; 2 തെസ്സ: 2; 10-12; എബ്രാ 10:26)

## മരണം

i മരണം നാശമാകുന്നു. (Vol 5 pagc 465)
II മരണം ഉൻമൂലനമാകുന്നു. (Vol 1: page 154)
III മരണം ബോധമില്ലാത്തതാകുന്നു. (Vol 5: poge 329)

ബൈബിൾ-

1) ദേഹത്തെ കൊല്ലുന്നവനു ആത്മാവിനെ കൊല്ലുവാൻ കഴിയുകയില്ലായെന്നു യേശു പറഞ്ഞു (മത്താ: 10:28).
2) അബ്രഹാം, യിസഹാക്ക്, യാക്കോബ് ഇവരുടെ ശരീരങ്ങൾ മരിച്ചുപോയിട്ടുപോലും അവർ ജീവിക്കുന്നുവെന്നു യേശു പറഞ്ഞു (മത്താ: 21; 32).
3) മോശയുടെയും ഏലിയാവിന്റെയും ശരീരങ്ങൾ മരിച്ചുപോയെങ്കിലും അവർ ഇപ്പോഴും ജീവിക്കുന്നു. (മത്താ: 17:3)
4) മരണം നാശത്തെയല്ല അർത്ഥമാക്കുന്നത്. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ആത്മാവുകൾ അവരുടെ ശരീരങ്ങളുടെ മരണത്തിനുശേഷവും ജീവിക്കുന്നു (എബ്രാ:12:22,23).
5) മരണത്തിനുശേഷം ആത്മാവ് ബോധമുള്ളതാകുന്നു. (വെളി:6:9)

## നരകം

നിത്യമായ ശിക്ഷ ഒരിക്കലും ഉണ്ടായിരിക്കുകയില്ല. (Vol 1: Page 159)

ബൈബിൾ—നിത്യമായ ശിക്ഷ ഉണ്ട്. (ദാനി:12:2; മത്താ:25:46; യോഹ:5:28,29; വെളി:20:10)

## കർത്താവിന്റെ അത്താഴം

I കടന്നുപോകൽ (പെസഹാ) പെരുന്നാളിന്റെ സ്ഥാനത്തുള്ളതാണു കർത്താവിന്റെ അത്താഴം. (Vol 6: Page 462)

ബൈബിൾ—1) അവർ ഈജിപ്തിൽ നിന്നു കടന്നുപോയതിന്റെ ഓർമ്മക്കായി ആഘോഷിച്ചതാണു പെസഹാ പെരുന്നാൾ (ആ:പു:16)

2) കർത്താവിന്റെ അത്താഴം ഇതിന്റെ ഓർമ്മക്കായി സ്വീകരിക്കുവാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ഇതു ക്രിസ്തുവിന്റെ മരണത്തിന്റെഓർമ്മക്കായി ചെയ്യേണ്ടതാണ്. ക്രിസ്തു കല്പിച്ചതും അപ്രകാരം ചെയ്യുന്നതിനാണ് (ലൂക്കൊ22:19)

II കർത്താവിന്റെ അത്താഴം വർഷത്തിൽ ഒരിക്കൽ അനുഷ്ഠിക്കേണ്ടതാണ്. (Vol 6: Page 462)

ബൈബിൾ—ആദിമസഭ ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം കർത്താവിന്റെ അത്താഴം അനുഷ്ഠിച്ചിരുന്നു (അ:പ്ര:20:7).

സ്നാനം

I വീണ്ടെടുപ്പു പദ്ധതിയിലേക്കു സ്നാനം കൂട്ടിച്ചേർക്കുന്നു.
II ജലസ്നാനം ഹൃദയസ്നാനത്തിന്റെ പ്രതീകമാകുന്നു.

ബൈബിൾ—

സ്നാനം വീണ്ടെടുപ്പു പദ്ധതിയുടെ ഒരു ഭാഗമാകുന്നു. (മർക്കൊ 16:15,16; യോഹ:3:5; അ:പ്ര; 2:38,39:8:36—39;22:16; ഗലാ:3:27;1 പത്രൊ:3;21)

സ്നാനം ക്രിസ്തുവിന്റെ മരണത്തെയും അടക്കത്തെയും ഉയർത്തെഴുന്നേല്പിനെയും പ്രതിനിധീകരിക്കുന്നു. (റോമ ;6:4,5)

സ്ഥാപിക്കൽ

I 1874 കർത്താവിന്റെ തിരികെ വരവിന്റെ വർഷമാകുന്നു. അന്നു ക്രിസ്തുവും ശിഷ്യന്മാരും ഈ ഭൂമിയിൽ തിരികെ വന്നു ശാരീരിക രൂപത്തിൽ കാണപ്പെടുവാൻ സാധിക്കാത്ത ആത്മാവുകളായി ഇന്നും ജീവിക്കുന്നു. Vol 2: Page 170, 171)

ബൈബിൾ—

1. ക്രിസ്തു തിരികെ വരുന്ന ദിവസവും നാഴികയും മനുഷ്യരോ മാലാഖമാരോ ക്രിസ്തു പോലുമോ അറിയുന്നില്ലായെന്നു ക്രിസ്തു തന്നെ പറയുന്നു. (മർക്കൊ 13:32)

2. ക്രിസ്തുവിന്റെ തിരികെ വരവിൽ മരിച്ചവർ ഉയിർപ്പിക്കപ്പെടും. ജീവിക്കുന്നവർ രൂപാന്തരപ്പെടും. (1 തെസ്സ: 4:15:6-17)

ശ്രീ: റസലും കൂട്ടരും ഇതിനെയെല്ലാം അവഗണിച്ചിരിക്കുന്നു.
II എല്ലാ ഭൗതികരാജ്യങ്ങളും 1914ൽ അവസാനിക്കും. ക്രിസ്തു

തലവനായി ക്രിസ്തുവിന്റെ സഭ സ്ഥാപിക്കപ്പെടും.
**(Vol II Page 170)**

ബൈബിൾ-

1) ക്രിസ്തു തിരികെ വരുന്ന ദിവസവും നാഴികയും യാതൊരു മനുഷ്യനും അറിയുന്നില്ല. (മർക്കൊ. 13:32; അ: പ്ര: 1:7)

2) 1914 കടന്നുപോയി. എന്നിട്ടും അതൊന്നും സംഭവിച്ചില്ല.

III. സുവിശേഷ കാലഘട്ടത്തിലെ കൊയ്ത്തു 1914- ൽ അവസാനിച്ചു. **Vol 2: Page 245)**

ബൈബിൾ-

1) സുവിശേഷ കാലഘട്ടത്തിന്റെ കൊയ്ത്തു നടത്തുന്ന ദിവസവും നാഴികയും യാതൊരു മനുഷ്യനും അറിയുന്നില്ല. (മർക്കൊ 13:32; അ: പ്ര: 1:7)

2) 1914-ൽ അത്തരം സംഭവം നടന്നതായി ചരിത്രമില്ല.
അവർ ദൈവത്തിൽ നിന്നുള്ളവരാണെന്നു അവകാശപ്പെട്ടുകൊണ്ടു കള്ളപ്രവാചകന്മാർ ആയതിനാൽ അവരെ ശോധന ചെയ്യേണ്ടതുമാണ് (1 യോഹ: 4: 1-3)

## ക്രിസ്തീയ ശാസ്ത്രം

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഡാ: ക്വിംബി എന്ന മനോരോഗ ചികിത്സകൻ പോർട്ട്ലണ്ടിൽ പ്രത്യക്ഷനായി. ഹിപ്നോട്ടിസത്താലും മസ്മരിസത്താലും മാനസിക രോഗികളെ അദ്ദേഹം സുഖപ്പെടുത്തി. 1862 മുതൽ 1865 വരെ മിസ്സിസ് എഡ്ഡി. ടി. അദ്ദേഹത്തിന്റെ ഒരു മാനസിക രോഗിയായിരുന്നു. അദ്ദേഹത്തിൽ നിന്നും അഭ്യസിച്ച മസ്മരിസത്താൽ അവൾ ആളുകളെ വളരെയധികം വശീകരിച്ചു. ഏതു മനോരോഗികളെയും സുഖപ്പെടുത്തുവാൻ ഡാ: ക്വിംബിനു കഴിയുമെന്നു അവൾ ജനങ്ങളുടെ മദ്ധ്യേ പ്രചരിപ്പിച്ചും 1865ൽ അദ്ദേഹം മരിച്ചു. 1866ൽ ക്രിസ്ത്യൻ ശാസ്ത്രത്തിന്റെ പഠനങ്ങൾ കണ്ടുപിടിക്കുവാൻ കഴിവുള്ള വെളിപ്പാടുകൾ അവൾക്കു ഉണ്ടായതായി അവൾ അവകാശപ്പെട്ടു. ഈ അവകാശത്തിൽ രൂപീകരിച്ച പഠനങ്ങളെ ശാസ്ത്രവും ആരോഗ്യവുമെന്ന പുസ്തകത്തിൽ അവൾ ഏകീകരിച്ചു. പിന്നെ അവൾ അതു പുസ്തകങ്ങളാക്കി ആകർഷണീയ വിലക്കു വിറ്റു ധനം സമ്പാദിച്ചു. അവളുടെ ഈ പുസ്തകവും ഡാ: ക്വിംബിയുടെ മനുഷ്യശാസ്ത്രവും തമ്മിൽ വളരെയധികം യോജിപ്പുണ്ട്.

1875-ൽ പുസ്തകത്തിന്റെ ആദ്യപകർപ്പ് പുറത്തിറങ്ങി, ഇതിൽ ബൈബിൾ വചനങ്ങളിൽ നിന്നു വ്യത്യസ്തമായ പല കാര്യങ്ങളും ഉൾപ്പെടുത്തിയിരുന്നു. 1876-ൽ ആറ് വിദ്യാർത്ഥികളോടു കൂടി മിസ്സിസ്. എഡ്ടി ആദ്യ ക്രിസ്തീയ ശാസ്ത്ര സംഘടന രൂപീകരിച്ചു. 1879ൽ ഇരുപത്തിയാറു അംഗങ്ങളോടുകൂടിയ ആദ്യ ശാസ്ത്രസഭ ബോസ്ററണിൽ അവൾ രൂപീകരിച്ചു. അതിന്റെ പാസ്ററർ അവൾ തന്നെയായിരുന്നു. പിൽക്കാലത്തു ഇതു ആ സഭയുടെ അമ്മയായി മാറി. പിന്നീടു രൂപീകരിക്കപ്പെട്ട മററു എല്ലാ സഭകളും ഇതിന്റെ ശാഖകളാകുന്നു. ക്രിസ്ത്യൻ ശാസ്ത്ര സഭയുടെ അംഗത്വം മൂന്നു സ്ത്രീകൾക്കു ഒരു പുരുഷൻ എന്ന നിരക്കിലായിരുന്നു.

മിസിസ് എഡ്ടി. മൂന്നു പ്രാവശ്യം വിവാഹം ചെയ്തു. ഒരിക്കൽ വിവാഹ മോചനം നേടി. എല്ലാ തരത്തിലും അവളുടെ തൊഴിൽ പരിശോധനയ്ക്കു വിധേയമാക്കേണ്ട ഒന്നാണ്. സുഖപ്പെടുത്തുന്ന പാഠങ്ങൾ തയ്യാറാക്കൽ എന്നിവയിൽ നിന്നും ക്രിസ്തീയ ശാസ്ത്ര പുസ്തകങ്ങളുടെ വിൽപനയിൽ നിന്നും ലഭിച്ചതും മററു വഴികളിൽ നിന്നും അവൾക്കു ലഭിച്ച പ്രതിഫലങ്ങളും കൂട്ടി അവൾ ഈ ലോകത്തിലെ ഒരു ധനികയായിതീർന്നു. അവൾ മരിച്ചപ്പോൾ അവളുടെ സ്വത്തുക്കൾ 300 കോടിയിലധികം ഡോളറാണെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടു. അവളുടെ പ്രധാന പഠനങ്ങൾ ഓരോന്നായി താഴെ വിവരിക്കുന്നു.

I ബൈബിൾ ശുദ്ധമായ ഒന്നല്ല. സദാചാരവും ഭൗതികവുമായ അറിവ് ബൈബിളിലേക്കു രഹസ്യമായി കടത്തിവിട്ടിരിക്കുന്നു. **(Science and Health 139: 20-22)**

ബൈബിൾ-

ദൈവത്തിന്റെ വചനങ്ങൾ (ബൈബിൾ) ശുദ്ധിയുള്ളതാകുന്നു. (സ:വാ: 30: 5; റോമ: 3:4; 2 തിമൊ: 3:16; 2 പത്രോ: 1:21).

II ബൈബിളിലെ ചില ഭാഗങ്ങൾ കളവാകുന്നു. ഉല്പ: 2:7 ൽ മനുഷ്യനെയും ദൈവത്തെയും സംബന്ധിച്ചുള്ളതു കളവാകുന്നു. **(S & H 554, 25-27)**

ബൈബിൾ-

ദൈവ വചനങ്ങൾ ഒന്നും കളവല്ല. യെശ: 8:20; റോമ: 3: 4)

III ബൈബിൾ എല്ലാ വെളിപാടുകളും ഉൾക്കൊള്ളുന്നില്ല. അവസാനമായി ദൈവം അവൾക്കു നൽകിയ വെളിപാടുകൾ

ബൈബിളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. (S & H. 107: 3-5)

ബൈബിൾ—ഈ പുസ്തകത്തിലെ വചനത്തോടു യാതൊന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യാൻ പാടുള്ളതല്ല. (സ:വാ:30: 6; വെളി: 22:18,19)

## ദൈവം

ദൈവം ഇന്ദ്രിയ ഗോചരമല്ലാത്തതും ദിവ്യമായതും പരമോന്നതമായതും അനന്തമായ മനസ്സുള്ളവനുമാകുന്നു. അവൻ ആത്മാവും പ്രാണനും സത്യവും ഉൾക്കൊള്ളുന്ന യഥാർത്ഥ സ്നേഹമാകുന്നു (S & H. 465: 8-10)

ബൈബിൾ-

ദൈവം വ്യക്തിത്വമുള്ളവനാകുന്നു. (ഉല്പ: 1: 1—31; എബ്രാ: 1:3)

## യേശുക്രിസ്തു

I- ക്രിസ്തു ദൈവമല്ല. യേശുക്രിസ്തു ദൈവമല്ലായെന്നും ദൈവപുത്രനാകുന്നുവെന്നും യേശുതന്നെ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്താൽ ഇതു വ്യക്തമാണ്. അവന്റെ മറ്റൊരു പറച്ചിലും ഇതിനു ഉപോൽബലകമാണ്. ഞാനും എന്റെ പിതാവും ഒന്നാകുന്നു ഇതു സവിശേഷതകളിലാണ്. അളവിലല്ല.ഒരു തുള്ളിവെള്ളം സമുദ്രത്തിന്റെ ഭാഗമാകുന്നു. പ്രകാശരശ്മി സൂര്യന്റെ ഭാഗമാകുന്നു. ഇതുപോലെയാണു ദൈവവും മനുഷ്യനും അച്ഛനും മകനും ജീവിയിൽ ഒന്നാകുന്നു. (S P H 36:12-8)

ബൈബിൾ—

ക്രിസ്തു ദൈവമെന്നു വിളിക്കപ്പെടുന്നു. (യെശ:9:6; യോഹ: 20.28; ഫിലി:2;5,6; എബ്രാ:1:8)

II യേശു ജഡത്തിൽ അവതരിച്ചിട്ടില്ല. ദൈവം മനുഷ്യന്റെ മാത്രം രചയിതാവല്ലായെന്നു ക്രിസ്തീയശാസ്ത്രം പഠിപ്പിക്കുന്നു. കന്യകാമറിയം ദൈവത്തിന്റെ ഈ ആശയം ഗർഭം ധരിച്ചു അവനു യേശു എന്ന നാമം നൽകപ്പെട്ടു. (S P H. 29:14-18) മേരി ദൈവവുമായി ബന്ധപ്പെട്ടതിന്റെ പരിണതഫലമാണു യേശു എന്ന മേരിയുടെ സന്തതി. (S P H. 29:32;30:1)

ബൈബിൾ—

യേശു മാംസത്തിൽ അവതരിക്കപ്പെട്ടു (ലൂക്കോ 1:30,31,34,35; യോഹ:1:14)

III ഓരോ ആദ്ധ്യാത്മിക ആശയങ്ങളും ഓരോ കുഞ്ഞാകുന്നു. ഒരു പുതിയ ആദ്ധ്യാത്മിക ആശയം ഭൂമിയിലേക്കു ജനിച്ചു വരുമ്പോൾ "നമ്മിലേക്കു ഒരു കുഞ്ഞു ജനിച്ചുവരുന്നുവെന്നു" യെശയ്യാവിന്റെ പ്രവചനം പുതുമകളോടു കൂടി നിവർത്തീകരിക്കപ്പെടുന്നു. (S P H 109:24-27)

ബൈബിൾ—

യേശു നിവർത്തിയാക്കുന്നതിനു വരുന്നു. (യെശ:9:6) അവനു മജ്ജയും മാംസവും ഉണ്ടായിരുന്നു. (ലൂക്കൊ.24:39) ആശയങ്ങൾക്കു മജ്ജയും മാംസവും ഉണ്ടായിരിക്കുകയില്ല.

IV ക്രിസ്തു മനുഷ്യനല്ല. എന്നാൽ മാതൃകാപരമായ സത്യമാകുന്നു. ക്രിസ്തീയ ശാസ്ത്രത്തിലൂടെ ആ സത്യം അസുഖങ്ങളെ സുഖപ്പെടുത്തുന്നതിനും പാപങ്ങളെ ഇല്ലാതാക്കുന്നതിനും വരുന്നു. എല്ലാ ശക്തികളും ദൈവത്തിൽ അടങ്ങിയിരിക്കുന്നു. യേശു മനുഷ്യന്റെ പേരാകുന്നു. അവൻ മററു മനുഷ്യരെക്കാൾ അസുഖങ്ങളെ സുഖമാക്കുകയും പാപങ്ങളെ ഇല്ലാതാക്കുകയും മരണത്തിന്റെ ശക്തിയെ തോല്പിക്കുകയും ചെയ്വാൻ കഴിവുള്ള ദൈവത്തിന്റെ യഥാർത്ഥ ആശയമാകുന്ന ക്രിസ്തുവിനെ നൽകി. യേശു മനുഷ്യനാമവും ക്രിസ്തു ദിവ്യ ആശയവുമാകുന്നു. ഇതാണു യേശുക്രിസ്തുവിന്റെ ഇരട്ടിപ്പ്. (S P H 475:10-17) ക്രിസ്തു ഇന്ദ്രിയ ഗോചരമല്ലാത്ത ആദ്ധ്യാത്മികമാകുന്നു (S P H 332:11,12)

ബൈബിൾ—

1) യേശുവും ക്രിസ്തുവും ഒരേ വ്യക്തി ആകുന്നു. അവനു ഐഹികമായ ശരീരം ഉണ്ടായിരുന്നു. (യോഹ:20:31, റോമ:5:8; 1 കൊരി 15:3;1 പത്രോ:1:19; എഫേ:2:13–16)

2) യേശുവും ക്രിസ്തുവും ഒന്നല്ലായെന്നു നിഷേധിക്കുന്നവൻ കള്ളനാകുന്നു. (1 യോഹ:2:22)

3) യേശുക്രിസ്തു ജഡത്തിൽ വന്നുവെന്നു ഏററു പറയാത്തവൻ വഞ്ചകനാകുന്നു. (2 യോഹ:7)

V ക്രിസ്തു യഥാർത്ഥത്തിൽ മരിച്ചില്ല അവനെ കുരിശിൽ തറച്ചശേഷം അവർ അവനെ കണ്ടു. അവൻ മരിച്ചില്ലയെന്നു അവർ മനസിലാക്കി. S P H 46:2,3) ശവകുടീരത്തിൽ അവനെ ഒളിപ്പിക്കപ്പെട്ടപ്പോൾ അവന്റെ ശിഷ്യന്മാർ യേശു മരിച്ചുവെന്നു വിശ്വസിച്ചു. അവിടെ അവൻ ജീവനോടിരിക്കുകയായിരുന്നു. (S P H 44:28, 29) ഇതു അവന്റെ പുത്രന്റെ തോന്നപ്പെട്ട മരണംമാത്രം.
(S P H 45:11,12)

(തുടരും)

# നാലു ആത്മീയ തത്വങ്ങൾ

ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളെ, തിരഞ്ഞെടുക്കപ്പെട്ട ജാതി, രാജകീയ പുരോഹിത വർഗ്ഗവും, വിശുദ്ധവംശവും, സ്വന്തജനവും ആയിട്ടാണ് ദൈവം കണക്കാക്കുന്നത് (1 പത്രോസ് 2:9). ലോകത്തെ കീഴ്മേൽ മറിക്കുന്നവരായിട്ട് ഒന്നാം നൂററാണ്ടിൽ ക്രിസ്ത്യാനികളെ അറിയപ്പെട്ടിരുന്നു (പ്രവൃത്തി 17:6). കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേരെഴുതിയിരിക്കുന്നവരാണ് അവന്റെ കല്പനകളെ പ്രമാണിക്കുന്നവർ ക്രിസ്തുയേശുവിലുള്ളവർ പ്രത്യേകതയുള്ളവരാണ്; അവർ മററുള്ളവരിൽ നിന്നും വ്യത്യസ്ഥരാണ് എന്ന് മനസിലാക്കണം. യേശു മററുള്ളവരിൽ നിന്നും വ്യത്യസ്ഥനായിരുന്നതുപോലെ നാമും മററുള്ളവരിൽ നിന്നും വേർപെട്ടവരായിരിക്കണം. നമ്മുടെ കാഴ്ചപ്പാടിൽ, ജ്ഞാനത്തിൽ ആവിഷ്ക്കരണ രീതിയിൽ, ബൈബിൾ പാരമ്പര്യമുള്ള ആത്മീയ തത്വങ്ങളെ പ്രയോഗിക്കുന്നതിൽ എല്ലാം ആണ് ഈ വ്യത്യാസം പ്രകടമാകേണ്ടത്, ഈ ലോക ജീവിതത്തെ നിയന്ത്രിക്കുന്ന ആത്മീയ മൂല്യങ്ങൾ വരുവാനുള്ളതിലേക്കുള്ള തയ്യാറെടുപ്പുകൂടെയാണ്. അപ്പൊസ്തലനായ പൗലോസ് റോമർക്ക് ലേഖനമെഴുതുമ്പോൾ ഈ ആത്മീയ തത്വങ്ങളെ ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിന് അവസരമൊരുക്കുന്നു. അവയിൽ നാലെണ്ണത്തെ നമുക്കു പരിശോധിക്കാം. പുതിയ ജീവന്റെ തിരഞ്ഞെടുപ്പ്.

ഒരു പുതിയ ജീവിതം നയിക്കുവാൻ നാം തിരഞ്ഞെടുക്കുന്നു (റോമർ 5:20–6:4). മതത്തിന്റെ നിഷ്ഠൂര ഹസ്തങ്ങളിൽ നിന്നും വേർപെട്ട സ്വതന്ത്രരാണ് ക്രിസ്ത്യാനികൾ എന്ന് യഹൂദൻമാരിൽ നിന്നും ക്രിസ്ത്യാനികളായി തീർന്നവരെ സംബന്ധിച്ച് പൗലോസ് പ്രസ്താവിച്ചു. പക്ഷേ ഈ സ്വാതന്ത്ര്യം പാപം ചെയ്യുവാനുള്ള അനുമതിയായി ഒരിക്കലും കണക്കാക്കരുത്.

ക്രിസ്തുവിലുള്ള നമ്മുടെ സ്വാതന്ത്ര്യം ലോകത്തെയോ ലോകത്തിലുള്ളതിനെയോ തിരഞ്ഞെടുക്കുന്നതിനുള്ളതല്ല. ക്രിസ്തുവിനെ തിരഞ്ഞെടുത്തുകൊണ്ട് ഈ ലോകത്തിൽ ജീവിക്കുന്നതിനു വേണ്ടി നൽകപ്പെട്ട ഒന്നാണ് നമുക്കുലഭിച്ചിരിക്കുന്ന ഈ ആത്മീയ

സ്വാതന്ത്ര്യം. സ്വാതന്ത്ര്യലബ്ധി നമുക്കു ശരിയായി വിനിയോഗിക്കാൻ കഴിയുന്നുണ്ടോ ഇല്ലയോ എന്നതാണ് ചോദ്യം. പലപ്പോഴും ദൈവത്തെ വെല്ലുവിളിക്കും വിധം സ്വാതന്ത്ര്യത്തെ എടുത്തുമാററി നമ്മുടെ സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച് ജീവിതത്തെ നയിക്കുന്നതായി നിങ്ങൾക്കുബോധ്യപ്പെട്ടിട്ടുണ്ടോ? ദയവുചെയ്തു ഉപദേശത്തെ ശ്രദ്ധിക്കുക. "ജീവന്റെ പുതുക്കത്തിൽ നടക്കുക" സ്നാനത്തിനുശേഷം പെട്ടെന്ന് ഉണ്ടാകേണ്ട ഫലമാണിത്. ക്രിസ്തുവിൽ ആയിതീരുന്ന നാൾ മുതൽ നമ്മുടെ ജീവിതം ക്രിസ്തുവിൽ സമർപ്പിക്കുന്ന ഒന്നാണ്. ആ സമർപ്പണം നാം മറന്നിട്ടുണ്ടോ? നാം യഥാർത്ഥ ക്രിസ്ത്യാനികളായി തീർന്നാൽ ഓരോ നിമിഷവും ദൈവ ഹിതത്തിനായി വിട്ടുകൊടുക്കണം. ആത്മാവിനെ അനുസരിച്ച് നടക്കുക.

നാം ജഡത്തെ അല്ല: ആത്മാവിനെ അത്രെ അനുസരിക്കേണ്ടത്. ജഡത്തിന്റെ ഇച്ഛകൾ ആത്മാവിനും, ആത്മാവിന്റെ ചിന്തകൾ ജഡത്തിനും വിരോധമല്ലോ. ജഡത്തെ അനുസരിച്ചാൽ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല; ആത്മാവിനെ അനുസരിച്ചാൽ ദൈവത്തെ പ്രസാദിപ്പിക്കാം (റോമർ 8: 1-8). നാം ആത്മാവിനെ അനുസരിച്ച് ജീവിക്കുമ്പോൾ നമ്മുടെ മനസ്സ് ദൈവത്തിൽ കേന്ദ്രീകരിക്കുന്നു. അപ്പോൾ നാം വെളിച്ചത്തിൽ ആണ് നടക്കുന്നത് . അങ്ങനെ നാം യേശുക്രിസ്തു നടന്നതുപോലെ നടക്കുന്നു (1 യോഹന്നാൻ 2:6).

ആത്മാവിനു കീഴ്പ്പെട്ടെങ്കിൽ മാത്രമേ പരിശുദ്ധാത്മാവിനെ അനുസരിക്കുവാൻ നമുക്കു കഴിയുകയുള്ളു. ആത്മാവിന്റെ നിയന്ത്രണത്തിൽ ആണെങ്കിൽ ആത്മാവ് നമ്മിൽ വാഴുന്നു (റോമർ 8: 15-17). ദൈവത്തിന്റെ ആത്മാവ് വചനം മുഖാന്തരം നമ്മുടെ ജീവിതത്തെ നയിക്കേണ്ടതിനു നാം അനുവദിക്കണം. അപ്രകാരം നടക്കുമ്പോൾ നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു റോമർ 8:16). ആത്മാവിന്റെ സഹായത്താൽ നാം ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നുവെങ്കിൽ നമുക്കു ജീവൻ ലഭിക്കും. മർത്യശരീരത്തിൽ നിന്നു നമ്മെ വീണ്ടെടുക്കുമെന്നതിന്റെ ഉറപ്പാണല്ലോ ആത്മാവിന്റെ ദാനം. അതുകൊണ്ട് ദൈവാത്മാവിനെ നമ്മിൽ സൂക്ഷിക്കേണ്ടതു അത്യന്താപേക്ഷിതമാണ്. ദൈവത്തിന്റെ പുത്രത്വത്തെ സൂചിപ്പിക്കുക കൂടെയാണ് അതിലൂടെ ദൈവം ചെയ്യുന്നത്. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു സകലവും നൻമക്കായി കൂടെ വ്യാപരിക്കുന്നു എന്നു നാം അങ്ങനെഅറിയും.

## ക്രിസ്തുവിന്റെ പ്രതിമ

നാം ഓരോരുത്തരും ക്രിസ്തുവിന്റെ രൂപത്തെ പ്രതിഫലിപ്പിക്കേണ്ടവരാണ്. ലൗകിക മനുഷ്യനെ മാററി നിർത്തി. ദൈവഹിതം എന്തെന്ന് മററുള്ളവർക്കു കാണിച്ചുകൊടുക്കുന്ന തരത്തിലുള്ള ഒരു രൂപാന്തരമാണ് ആവശ്യം. ആദ്യം മനസിനെ മാററിയാലേ ശരീരത്തെയും മാററുവാൻ സാധിക്കൂ (റോമർ 12: 1–8). രൂപാന്തരം എന്ന വാക്കിന് ഗ്രീക്കിൽ "മെററാമോർഫൂ" എന്നാണ് കാണുന്നത്. യേശു, തന്റെ ശിഷ്യൻമാരുടെ മുമ്പിൽ വെച്ച് രൂപാന്തരപ്പെട്ടു എന്നു നാം വായിക്കുന്നു. അവന്റെ മുഖം സൂര്യനെപോലെ പ്രകാശിച്ചു. അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിത്തീർന്നു. മറെറാരു രൂപം പ്രാപിക്കുകയാണ് ഇവിടെ ചെയ്തത്. തന്റെ ശരിയായ രൂപം എന്തെന്ന് തന്റെ ശിഷ്യന്മാർക്കു അവൻ കാണിച്ചു കൊടുക്കുകയായിരുന്നു.

ക്രിസ്ത്യാനികളായി തീർന്നവർ, സ്വഭാവത്തിൽ, പെരുമാററത്തിൽ മാററം വരുത്തി ലോകത്തിലുള്ള ആളുകൾക്കു തെളിയിച്ചു കൊടുക്കുകയും ബോദ്ധ്യപ്പെടുത്തുകയും ചെയ്യുകയാണ് വേണ്ടത്. അങ്ങനെ ഉള്ള വിശ്വാസത്തിനു മാത്രമെ ഭൂമിയിലുള്ള ചിന്തകളെല്ലാം വിട്ടുകൊണ്ട് ഉയരത്തിലുള്ളതു ചിന്തിക്കുവാൻ പററുകയുള്ളു (കൊലോസ്യർ 3:2). തിൻമക്കെതിരെ നിൽക്കുക, സത്യത്തിനുവേണ്ടി നിലകൊള്ളുക എന്ന തത്വം മററുള്ളവർക്കു അനുകരിക്കാവുന്ന ഒരു മാതൃകയാണ്. ലോകത്തിൽ ഭൂരിഭാഗം പേരും പാപത്തിൽ ജീവിച്ച് ആത്മാക്കളെ നഷ്ടപ്പെടുത്തുന്നവരാണ്. ദൈവത്തെ അനുസരിച്ച് അവനെ പിൻ പററുന്നവർ വളരെ ചുരുക്കമാണ്. അതിൽ നിരാശപ്പെടേണ്ട കാര്യമില്ല. ദൈവ പ്രതിമയായ യേശുവിന്റെ, തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് എല്ലാവരും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞുവരുവാനാണു്.

## നമുക്കായി ജീവിക്കരുത്

നാം ജീവിക്കുന്നതു നമുക്കുവേണ്ടി ആയിരിക്കരുത്. ലോകത്തുള്ള ആർക്കെങ്കിലും, വൈകാരികമോ, ശാരീരികമോ ഭൗതികമോ ആയ എന്തെങ്കിലും പ്രശ്നങ്ങൾ നേരിട്ടാൽ അത് അവരുടെ പ്രശ്നം, നമുക്കൊന്നും അതിൽകാര്യമില്ല എന്ന മനോഭാവം നമ്മിൽ ഉണ്ടാകാൻപാടില്ല. അപ്പൊസ്തലനായിരുന്ന പൗലോസും അതുകൊണ്ടു പറഞ്ഞു നാം മററുള്ളവരുടെ ഭാരം ചുമക്കുകയും അവരുടെ ദു:ഖ

ത്തിലും വേദനയിലും നാം പങ്കാളികളായി തീരണം എന്ന്. നമ്മുടെ സഹോദരന്റെ സൂക്ഷിപ്പുകാരനാണ് നാം എന്ന ആത്മീയ തത്വം പാലിക്കേണ്ട കടമ നമ്മിലുണ്ട്. ശക്തമായ ആത്മീയ സ്വഭാവം നമ്മിൽ കണ്ടെത്തുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ബലഹീനമായ ഒന്നല്ല. ശക്തി നല്കിയിട്ട് ബലഹീനതയെ ഏററുവാങ്ങുക എന്ന മനോഹരമായ തത്വമാണ് ക്രിസ്ത്യാനിത്വത്തിനുള്ളത്. (റോമർ 12:15).

മാനുഷിക സ്വഭാവത്തെകുററപ്പെടുത്തുകയോ ശിക്ഷക്കു വിധിക്കുകയോ ചെയ്യാത്ത ചില കാര്യങ്ങൾ ബൈബിളിൽ ഉണ്ട്. ആ പ്രവൃത്തി എങ്ങനെ എന്റെ സഹോദരനെ ബാധിക്കും എന്നതാണ് പ്രശ്നം. ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം ജഡത്തിനു അവസരമാക്കാതെ അന്യോന്യം സ്നേഹത്തോടെ സേവിക്കുകയാണ് വേണ്ടത് (ഗലാത്യർ 5:10–13) എന്റെ സഹോദരനോടുള്ള പെരുമാററത്തിൽ അദ്ദേഹത്തെ ബാധിക്കുന്നതായി കാണപ്പെട്ടാൽ ഞാനാണ് തിരുത്തേണ്ടത് (റോമർ 14:22–23). അതിൽ നിയമത്തെ മുറുകെ പിടിച്ചുകൊണ്ടിരിക്കാതെ ആത്മാവ് വിലയുള്ളതായി കരുതിവിട്ടുവീഴ്ചക്കു തയ്യാറാവണം. അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്, ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിനു അവരുടെ ഗുണം തന്നേ അന്വേഷിച്ചുകൊണ്ടു എല്ലാവരേയും എല്ലാം കൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ (1 കൊരിന്ത്യർ 10:33).

ക്രിസ്ത്യാനിത്വത്തെ തിരിച്ചറിയേണ്ടതു നിയമാവലികളേയും ചട്ടങ്ങളേയും കൊണ്ടായിരിക്കരുത്. പിന്നെയോ, അതിൽ അടങ്ങുന്ന തത്വങ്ങളാലും ജീവിതത്തിലെ പ്രധാന രൂപരേഖകൾ തീരുമാനിച്ചുറപ്പിക്കുന്നതിനാലും ആയിരിക്കണം. എന്റേതായ ഇടുങ്ങിയ ലോകത്തെ വിട്ടുകൊണ്ട് എന്റെ സഹോദരന്റെ അടുക്കലേക്കു ഞാൻ ഇറങ്ങി ചെല്ലുമ്പോൾ അതു ക്രിയാത്മകമായ ഒരു സമീപനമായി തീരുന്നു. ബന്ധം പുന:സ്ഥാപിച്ചു കിട്ടുന്ന സന്തോഷം എത്രമാത്രം വലുതാണ്. അങ്ങനെ മററുള്ളവരോടു ദയയും ആർദ്രതയും അനുകമ്പയും പ്രകടിപ്പിക്കുവാൻ നമുക്കു കഴിയുന്നു. അതാണ് യേശു നമുക്കെല്ലാവർക്കും വേണ്ടി ചെയ്തത്. യേശുക്രിസ്തുവോ തന്റെ ശിഷ്യന്മാരൊ ജീവിച്ചത് തങ്ങൾക്കായിട്ടല്ല: മറിച്ച് മററുള്ളവർക്കുവേണ്ടിയായിരുന്നു. ഈ നാലു ആത്മീയ തത്വങ്ങൾ പ്രായോഗികമാക്കിതീർക്കുക.

(10-ാം പേജിന്റെ തുടർച്ച)

ര്യമോ അതു ഒരു ഭിന്ന രാജത്വം ആയിരിക്കും, എങ്കിലും ഇരുമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതു പോലെ അതിൽ ഇരുമ്പിനുള്ള ബലം കുറെ ഉണ്ടായിരിക്കും. കാൽവിരൽ പാതി ഇരുമ്പും കളിമണ്ണും കൊണ്ടു ആയിരുന്നതുപോലെ രാജത്വം ഒട്ടു ബലമുള്ളതും ഒട്ടും ഉടഞ്ഞുപോകുന്നതും ആയിരിക്കും. ഇരുമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതിന്റെ താല്പര്യമോ: അവർ മനുഷ്യബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരുമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതു പോലെ അവർ തമ്മിൽ ചേരുകയില്ല. ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കുകയും ചെയ്യും. കൈ തൊടാതെ ഒരു കല്ലു പർവ്വതത്തിൽ നിന്നു പറിഞ്ഞു വന്നു ഇരുമ്പും താമ്രവും കളിമണ്ണും വെള്ളിയും പൊന്നും തകർത്തുകളഞ്ഞതായി കണ്ടതിന്റെ താല്പര്യമോ മഹാദൈവം മേലാൽ സംഭവിപ്പാനുള്ളതു രാജാവിനെ അറിയിച്ചിരിക്കുന്നു; സ്വപ്നം നിശ്ചയവും അർത്ഥം സത്യവും ആകുന്നു.''

ഈ സ്വപ്നം കണ്ടതിനുശേഷം തന്റെ രാജ്യത്തുള്ള എല്ലാ മന്ത്രവാദികളെയും പ്രശ്നക്കാരേയും രാജാവ് വിളിച്ചുവരുത്തി ഒരു വിശദീകരണം ഇതിനെപ്പററി ആവശ്യപ്പെട്ടെങ്കിലും അവർക്കാർക്കും തന്നെ സ്വപ്നത്തെക്കുറിച്ചോ സ്വപ്നത്തിന്റെ അർത്ഥത്തെക്കുറിച്ചോ ഒന്നും പറയുവാൻ സാധിച്ചില്ല. എന്നാൽ ദൈവപുരുഷനായ ദാനിയേലിന് സ്വപ്നത്തിന്റെ രഹസ്യം വെളിപ്പെടുകയും രാജാവിന്റെ മുൻപാകെ അവൻ അത് ബോധിപ്പിക്കുകയും ചെയ്തു; 35.45 വരെയുള്ള ഭാഗങ്ങളിൽ നാം വായിച്ചതിന്റെ വിശദീകരണം ഒന്നുകൂടി കാണാം. നാലു ലോക സാമ്രാജ്യങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്. രാജാവ് സ്വപ്നത്തിൽ കണ്ട പ്രതിമയുടെ തങ്കവും നെഞ്ചും കൈയും വെള്ളികൊണ്ടും, വയറും അരയും താമ്രം കൊണ്ടും തുട ഇരുമ്പുകൊണ്ടും, കാൽ പാതി ഇരുമ്പുകൊണ്ടും പാതി കളിമണ്ണുകൊണ്ടും ആയിരുന്നു. ഈ നാലുലോഹങ്ങളും നാലു സാമ്രാജ്യങ്ങളെയത്രേ സൂചിപ്പിക്കുന്നത്. തങ്കം കൊണ്ടുള്ള തല നെബുഖദ്നേസർ രാജാവായുള്ള ബാബിലോണിയൻ സാമ്രാജ്യത്തെയും വെള്ളികൊണ്ടുള്ള നെഞ്ചും കൈയും മേദ്യപേർഷ്യ സാമ്രാജ്യത്തെയും, താമ്രം കൊണ്ടുള്ള വയറും അരയും യവന അഥവാ ഗ്രീക്കു സാമ്രാജ്യത്തേയും ഇരുമ്പുകൊണ്ടുള്ള തുടയും ഇരുമ്പും കളിമണ്ണും കൊണ്ടുള്ള കാല് റോമാ സാമ്രാജ്യത്തെയും അത്രേ സൂചിപ്പിക്കുന്നത്. 44-ാം വാക്യത്തിൽ നാലാമത്തെ

സാമ്രാജ്യത്തിന്റെ കാലയളവിലാണ് അഥവാ റോമാ സാമ്രാജ്യത്തിന്റെ അവസാന കാലയളവിലാണ് സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജ്യം സ്ഥാപിക്കുന്നതെന്ന് പറഞ്ഞിരിക്കുന്നു.

പുതിയ നിയമത്തിൽ യോഹന്നാൻ സ്നാപകന്റെയും യേശുക്രിസ്തുവിന്റെയും ചരിത്രം നാം പഠിക്കുമ്പോൾ 600 വർഷങ്ങൾക്കുമുൻപേ ദൈവം നെബുഖദ്നേസർ രാജാവിൽ കൂടിയും ദാനിയേൽ പ്രവാചകനിൽ കൂടിയും വെളിപ്പെടുത്തിയ ദർശനത്തിന്റെ ചുരുളഴിയുന്നതു കാണുവാൻ സാധിക്കും. ഇവർ രണ്ടും ജീവിച്ചിരുന്നത് റോമൻ ചക്രവർത്തിയുടെ ഭരണത്തിൻ കീഴിലാണ്. തങ്ങളുടെ വരവിന്റെ ഉദ്ദേശം ഇരുവരും വ്യക്തമായി സൂചിപ്പിച്ചത് ദൈവരാജ്യത്തിന്റെ സ്ഥാപനത്തിന് അടിസ്ഥാനം ഇടുവാനാണെന്നാണ്. യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെടുവിൻ എന്ന് ആളുകളെ ഉൽബോധിപ്പിച്ചു. യോഹന്നാൻ തന്റെ പ്രസംഗത്തിൽകൂടി വ്യക്തമാക്കിയത് താൻ മശിഹാ അല്ലെന്നും വരുവാൻ പോകുന്ന മശിഹാ അഥവാ രാജാവിന്റെ വരവിനു വേണ്ടി വഴിയൊരുക്കുവാനാണ് താൻ വന്നതെന്നുമാണ്. ദൈവരാജ്യം കയ്യെത്താവുന്ന ദൂരത്തിൽ വന്നെത്തിയിരിക്കുന്നു എന്നാണ് യോഹന്നാനും യേശുക്രിസ്തുവും പ്രഖ്യാപിച്ചത്. എന്നാൽ യോഹന്നാന്റെയും യേശുക്രിസ്തുവിന്റെയും ജീവിതകാലയളവിൽ ദൈവരാജ്യം സ്ഥാപിതമായില്ല എന്നും നാം കാണുന്നുണ്ട്. ദൈവരാജ്യത്തിന്റെ ആത്മീയ സ്വഭാവത്തെക്കുറിച്ചും എപ്രകാരമുള്ളവർക്ക് അതു അവകാശമാക്കുവാൻ സാധിക്കുമെന്നും യേശുക്രിസ്തു പഠിപ്പിച്ചു. മാത്രമല്ല മർക്കോസിന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിൽ യേശുക്രിസ്തു ജീവിച്ചിരുന്ന ആ തലമുറയിൽ തന്നെ ദൈവരാജ്യം ശക്തിയോടെ സ്ഥാപിതമാകുമെന്നും അവൻ പറഞ്ഞു.

ദാനിയേലിന്റെ പുസ്തകം 7-ാം അദ്ധ്യായം 13ഉം 14ഉം വാക്യങ്ങളിലും സകല വംശങ്ങളേയും ജാതികളേയും ഭാഷക്കാരേയും ഉൾപ്പെടുത്തുന്ന ദൈവരാജ്യത്തെപ്പറ്റി പ്രവചിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ നാം വായിക്കുന്ന ദൈവരാജ്യമാകുന്ന സഭയുടെ പ്രത്യേകത ഇവിടെ ദർശിക്കാവുന്നതാണ്.

യെശയ്യാ പ്രവാചകൻ ക്രിസ്തുവിന് ഏതാണ്ട് 700 വർഷങ്ങൾക്കു മുൻപ് ദൈവരാജ്യം എവിടെ എപ്രകാരം സ്ഥാപിതമാകുമെന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന പ്രവചനം ശ്രദ്ധിക്കുക. "അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്ന

ത്വവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്നു വരുവിൻ നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നും ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധികല്പിക്കയും ചെയ്യും. അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കുനേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കുകയുമില്ല." (യെശയ്യാവ് 2:2,3).

ഈ വേദഭാഗത്തു നിന്നും ദൈവരാജ്യം സ്ഥാപിതമാകുന്ന കാലയളവിനെപ്പറ്റിയും അതിന്റെ അന്തർദേശീയ സ്വഭാവത്തെപ്പറ്റിയും അത് എവിടെ നിന്ന് ആരംഭിക്കുന്നു എന്നും കാണാൻ സാധിക്കും. വേദപുസ്തകചരിത്രത്തിൽ മനുഷ്യജാതിയെ ആകമാനം ബാധിക്കുന്ന മൂന്നു കാലയളവുകൾ കാണുവാൻ സാധിക്കും. ഇവയിൽ ഒന്നാമത്തേത് സൃഷ്ടി മുതൽ മോശയിൽകൂടി സീനായ് മലയിൽ വച്ച് പത്തുകൽപ്പനകൾ കൊടുക്കുന്നതുവരെയുള്ള പിതാക്കന്മാരുടെ കാലഘട്ടമാണ്. അതായത് ദൈവം നേരിട്ട് മനുഷ്യനോട് ഇടപെട്ട കാലഘട്ടം. രണ്ടാമത്തെ കാലഘട്ടം മോശയുടെ ന്യായപ്രമാണം നിലവിലിരുന്ന കാലയളവാണ്.+ മൂന്നാമത്തേതും അവസാനത്തേതുമായ കാലഘട്ടം യേശുക്രിസ്തു ക്രൂശിന്മേൽ ന്യായപ്രമാണം നീക്കം ചെയ്തപ്പോൾ മുതൽ ആരംഭിച്ചു. ഈ കാലയളവിനെയാണ് അന്ത്യനാളുകളായി യെശയ്യാവ് സൂചിപ്പിച്ചിരിക്കുന്നത്. കാരണം ക്രിസ്തീയകാലഘട്ടത്തിനുശേഷം ലോകാവസാനവും അന്ത്യന്യായവിധിയും ആണെന്ന് പറഞ്ഞിരിക്കുന്നു. മോശയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ നിന്നും തികച്ചും വ്യത്യസ്തമായി, അന്ത്യനാളുകളിൽ സ്ഥാപിതമാകുന്ന ദൈവരാജ്യത്തിന്റെ അഥവാ പുതിയ കാലഘട്ടത്തിന്റെ പ്രത്യേകത അതിന്റെ അന്തർദ്ദേശീയ സ്വഭാവമാണ്. സകല ജാതികളും യഹോവയുടെ ആലയത്തിലേക്ക് ഒഴുകിച്ചെല്ലും എന്ന് യെശയ്യാവ് പറഞ്ഞതിൽ നിന്നും ഉദ്ദേശിച്ചിരിക്കുന്നത് പുതിയനിയമം സകല ജാതികൾക്കും ഒരുപോലെ പ്രായോഗികമാണ് എന്നുള്ളതാണ്. യിസ്രായേൽ മക്കൾക്കായി നൽകിയ ന്യായപ്രമാണം ഒരു പ്രത്യേക കാലയളവിൽ ഒരു പ്രത്യേക ജനതക്കുവേണ്ടി ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി നൽകപ്പെട്ടതായിരുന്നു. ഈ ഉദ്ദേശമെല്ലാം നിവൃത്തീകരിച്ച് ദൈവാനുഗ്രഹം സകല മനുഷ്യർക്കും ഒരു പോലെ പ്രാപിക്കുവാൻ ക്രിസ്തുവിന്റെ മരണത്തോടുകൂടി സാധിച്ചു. എന്നാൽ അതിന്റെ ഒരുക്കവും ആരംഭവും പ്രവാചകന്മാർ പ്രവ

ചിച്ച പ്രകാരം സീയോനിൽ നിന്നും അഥവാ യെരുശലേമിൽ നിന്നും ആയിരുന്നു. ദൈവരാജ്യത്തിന്റെ സന്ദേശം ലോകമെങ്ങും അറിയിപ്പാനായി യേശുക്രിസ്തു തന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാരെ ഭാരമേൽപ്പിച്ചപ്പോൾ പറഞ്ഞതും പ്രവചനവാക്യവുമായി പൊരുത്തപ്പെടുന്നു. ശ്രദ്ധിക്കുക: എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അററത്തോളവും എന്റെ സാക്ഷികൾ ആകുമെന്നു പറഞ്ഞു (പ്രവൃത്തി 1:8). തുടർന്നു നാം വായിക്കുമ്പോൾ A. D. 33-ൽ യെരുശലേമിൽ വെച്ച് പെന്തക്കോസ്തുനാളിൽ ദൈവം ലോകാരംഭം മുതൽ പ്ലാൻ ചെയ്തതും നൂററാണ്ടുകളായി പ്രവാചകൻമാർ പ്രവചിച്ചതും യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും അടുത്തുവന്നിരിക്കുന്നു എന്ന് പ്രഖ്യാപിച്ചതുമായ ദൈവരാജ്യം അഥവാ ക്രിസ്തുവിന്റെ സഭ യാഥാർത്ഥ്യമായിത്തീരുന്നതു കാണാം.

മററ് അനേക പ്രവചനങ്ങൾ ദൈവരാജ്യത്തെപ്പററി ഉണ്ടെങ്കിലും ചുരുക്കമായി നാം ഇന്നു കണ്ട പ്രവചന ഭാഗങ്ങൾ സ്വർഗ്ഗസ്ഥനായ പിതാവിന് നമ്മോടുള്ള മുൻകരുതലിനേയും സ്നേഹത്തേയും മനസ്സിലാക്കിത്തരുവാൻ പര്യാപ്തമാണെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രവാചക വാക്യങ്ങളെ നിവൃത്തീകരിച്ചുകൊണ്ട് ദൈവ രാജ്യമാകുന്ന തന്റെ ആത്മീയ രാജ്യത്തിന്റെ രാജാവായി ദൈവത്തിന്റെ വലത്തു ഭാഗത്ത് യേശുക്രിസ്തു വാണരുളുകയാണ്: ലോകാവസാനത്തിങ്കൽ ഈ രാജ്യം പിതാവിനെ ഏൽപ്പിക്കുന്നതുവരെ ഈ വാഴ്ച തുടരുന്നതും ആണ്? ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗസ്ഥനായ ദൈവത്തോടൊപ്പം നിത്യമായ ഈ രാജ്യത്തിൽ നിങ്ങൾ ഏവരും ഓഹരിക്കാരായിത്തീർന്നു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആയതിലേക്കു വചനാനുസരണം ജീവിക്കുവാൻ ദൈവം നിങ്ങളെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.

കർത്താവിന്റെ സഭഎന്നു പറയുമ്പോൾ തന്നെ സഭയ്ക്കർതൃത്വം നടത്തുവാനുള്ള അധികാരം യേശുവിനു മാത്രമുള്ളതെന്നു തെളിയുന്നു. രാജ്യം എന്നതിന്റെ അർത്ഥവും അതു തന്നെയാണ് സൂചിപ്പിക്കുന്നത്. ആകയാൽ ദൈവരാജ്യവും കർത്താവിന്റെ സഭയും ഒന്നുതന്നെ. മനുഷ്യർ അതു രണ്ടും രണ്ടായിട്ടാണ് കാണുന്നത്. വിവേചിച്ച് മനസിലാക്കുവാനും വചന പ്രകാരം കർത്താവിന്റെ സഭയിലാകുവാനു നിങ്ങൾ തയ്യാറാകും എന്നു ഞാൻ പ്രത്യാശിക്കുന്നു.

സൂചിപ്പിക്കുന്നതു, എന്തെന്നാൽ അവൻ നമുക്കുവേണ്ടി മരിച്ചതിനാൽ രക്ഷ സാദ്ധ്യമാക്കി തീർത്തു എന്നതാണ്. ധാർമ്മികമായി നല്ലവർ, നാമധേയ വിഭാഗങ്ങളിലും മററും ഉള്ള മതഭക്തർ സൽപ്രവൃത്തിക്കാർ തുടങ്ങി ധാരാളം പേർ രക്ഷിക്കപ്പെടുമായിരുന്നെങ്കിൽ മനുഷ്യപുത്രൻ ലോകത്തിൽ വന്നു പാപികൾക്കും ലോകത്തിനുമായി മരിക്കേണ്ട ആവശ്യമേ ഉദിക്കുന്നില്ല. അവർ കർത്താവിന്റെ രക്ഷാമാർഗ്ഗത്തെ ത്യജിച്ചു കളയുന്നവരല്ലേ? ഒരാൾക്കു ക്രിസ്തുവിനേയും അവന്റെ രക്ഷാ പദ്ധതിയേയും കൂടാതെ രക്ഷിക്കപ്പെടാമെങ്കിൽ എല്ലാവർക്കും ആകാമല്ലോ? അപ്പോൾ ക്രിസ്തു മരിച്ചതു വെറുതെയായി എന്നുവരുന്നു. യേശുക്രിസ്തു ഒരിക്കൽ ഒരുക്കിയ ആ വഴിയിൽ കൂടെയല്ലാതെ രക്ഷ പ്രാപിപ്പാൻ വേറൊരു വഴിയുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? ഞാൻ വിശ്വസിക്കുന്നില്ല. ദൈവ വചനം പറയുന്നതു, നാം രക്ഷിക്കപ്പെടേണ്ടതിന്നു ക്രിസ്തു മരിച്ചു എന്നാണ്. നമ്മുടെ നീതി പ്രവൃത്തികൾ നോക്കിയല്ല: ദൈവ നീതിയും മനുഷ്യ നീതിയും രണ്ടും രണ്ടു തന്നെ.

മൂന്നാമതായി, സുവിശേഷം സർവ്വലോകത്തിലും സകലജാതികളുടെ അടുക്കലും എത്തിക്കുവാനായിരുന്നു ക്രിസ്തുവിന്റെ കല്പന. ഉയിർത്തെഴുന്നേററശേഷം യേശു തന്റെ ശിഷ്യൻമാരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനമേൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും ''എന്നു പറഞ്ഞു (മർക്കൊസ് 16:15-16). വീണ്ടും അവൻ തന്റെ ശിഷ്യന്മാരോടു പ്രസ്താവിക്കുന്നതു'' ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റേയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളേയും ശിഷ്യരാക്കികൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളി ചെയ്തു (മത്തായി: 28: 19-20). അങ്ങനെ അപ്പോസ്തലന്മാരാലും അവരാൽ പരിവർത്തനം ചെയ്യപ്പെട്ടവരും അവരുടെ കാലയളവിൽ നിറവേററുകയും ചെയ്തു. ആ കല്പന നമ്മുടെ കാലയളവിൽ ഇന്നും ബാധകമാണ്. അതിനാൽ അവർ അന്ന് (ഒന്നാം നൂററാണ്ടിൽ) ചെയ്തതുപോലെ നാമും ഇന്നു ചെയ്യേണ്ടതാണ്. ക്രിസ്തുവിനെ കൂടാതെയും അവന്റെ സുവിശേഷം കൂടാതെയും രക്ഷ പ്രാപിക്കാമായിരുന്നെങ്കിൽ, പിന്നെ അവൻ എന്തിനീ കല്പന തന്നു?

നാലാമതായി, നാം രക്ഷ പ്രാപിക്കുന്നതിനു ക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കണം. സുവിശേഷം പ്രസംഗിപ്പാൻ കർ

ത്താവ് അരുളിച്ചെയ്തതിന്റെ കാരണം അതത്രേ. പരിവർത്തനങ്ങളുടെ ചരിത്രം നാം പ്രവൃത്തികളുടെ പുസ്തകത്തിൽ വായിച്ചാൽ വിവിധ തരത്തിലുള്ളവർ തിരിഞ്ഞുവന്നതായി കാണാം. അവർ സുവിശേഷം അനുസരിച്ചു വന്നതിന്റെ സംക്ഷേപ രൂപം ഇപ്രകാരമായിരുന്നു; അവരെല്ലാവരും സുവിശേഷം കേട്ട്, എല്ലാവരും വിശ്വസിച്ചു, അവരെല്ലാം തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു, അവരെല്ലാം യേശു ദൈവപുത്രനാണെന്നു ഏറ്റു പറഞ്ഞു; അവരെല്ലാം പാപമോചനത്തിനായി സ്നാനമേററു. അതുകൊണ്ട് അവരെല്ലാം രക്ഷിക്കപ്പെട്ടു എന്നു കാണുന്നു. പക്ഷേ സുവിശേഷം അനുസരിക്കാത്തവർക്കു എന്തു സംഭവിക്കു മെന്ന് അറിയണ്ടേ? കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി പ്രത്യക്ഷനാവുമ്പോൾ ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നതു ദൈവ സന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സലോനിക്യർ 1:7–10).

അവന്റെ വരവിൽ രണ്ടുതരം ആളുകളെ അപ്പോൾ ശിക്ഷക്കു വിധേയരാക്കും. പക്ഷേ അവനുള്ളവരെ ഒഴിവാക്കും എന്നു നാം അറിഞ്ഞിരിക്കണം. ദൈവത്തെ അറിയാത്തവർക്കു പ്രതികാരം കൊടുക്കുമെന്നു മുന്നറിയിപ്പുണ്ട്. എന്നാൽ എന്തുകൊണ്ട്? അറിയാത്തവർ എങ്ങനെ കുററക്കാരാകും? ദൈവത്തേയും അവന്റെ ഇഷ്ടത്തേയും അറിയുവാൻ കഴിയാതെ വിദൂര സ്ഥലങ്ങളിൽ ജീവിക്കുന്നവർ രക്ഷിക്കപ്പെടും എന്നാണ് ചിലർ ധരിച്ചുവച്ചിരിക്കുന്നത്. അതു വാസ്തവമെങ്കിൽ അവരിൽ കർത്താവിന്റെ ഇഷ്ടം എന്തെന്ന് അറിയിക്കാതിരിക്കയായിരിക്കും ഉത്തമം. കാരണം, അറിഞ്ഞിട്ട് അനുസരിക്കാതെ വന്നാൽ ശിക്ഷിക്കപ്പെടുമല്ലോ. പക്ഷേ അത്തരം ആളുകൾ രക്ഷിക്കപ്പെട്ടവരല്ല. അറിവില്ലായ്മ ഒരു ഒഴിവു കഴിവല്ല (പ്രവൃത്തി; 17:30). അവരുടെ പാപങ്ങൾക്ക് ഉത്തരവാദികൾ അവർ തന്നെയാണ്. ദൈവത്തെ അറിയാതിരിക്കുന്നതു തന്നെ തെററാണ്. കാരണം ദൈവത്തെ പ്രകൃതിയിൽ കൂടെയും വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു സൃഷ്ടികർത്താവുണ്ടെന്ന് സൃ

ഷ്ടികാം തന്നെ പറയുന്നു (റോമർ 1). തൻമൂലം അവൻ ദൈവത്തെക്കുറിച്ചും ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന ദൈവേഷ്ടത്തെക്കുറിച്ചും അറിഞ്ഞ് ദൈവത്തെ അനുസരിക്കുവാൻ കഴിയും. എന്നാൽ ഒരാം തന്റെ അജ്ഞതയിൽ തന്നെ തുടരുവാനാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിനു അവൻ മറുപടി പറയേണ്ടിവരും. കർത്താവിന്റെ രണ്ടാം വരവിൽ തന്റെ സുവിശേഷം അനുസരിക്കാത്തവർക്കു പ്രതികാരം കൊടുക്കും. സുവിശേഷം കേട്ടു, വിശ്വസിച്ച് അനുസരിക്കാതിരിക്കുന്നവർ നഷ്ടപ്പെട്ടവർ തന്നെയാണ് കാരണം. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു: ന്യായവിധി ദൈവ ഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ, അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? (1 പത്രോ: 4:17).

അഞ്ചാമതായി, സഭയാകുന്ന ശരീരത്തിന്റെ രക്ഷിതാവാണ് ക്രിസ്തു. അതുകൊണ്ട് നാം ആ സഭയിലെ അംഗമായിതീരണം രക്ഷിക്കപ്പെടുവാൻ. ക്രിസ്തുസഭ പണിതു: അവൻ ആ സഭക്കായി മരിച്ചു (മത്തായി 16:18 എഫെസ്യർ 5:25). തന്റെ രക്തം കൊടുത്തു വിലക്കുവാങ്ങിയതാണ് അവന്റെ സഭ. അതുകൊണ്ട് യേശു ക്രിസ്തു, തന്റെ സഭയുടെ തലയും രക്ഷിതാവുമാണ്. കർത്താവിന്റെ ആത്മിയ ശരീരമാണ് സഭ (കൊലൊസ്യർ 1:18). യേശു ക്രിസ്തു സഭയുടെ രക്ഷിതാവായിരിക്കെ നിങ്ങളും ഞാനും മറ്റെല്ലാവരും അതിലെ അംഗങ്ങളാകണം. രക്ഷ പ്രാപിപ്പാൻ എന്നുവരുന്നു. സഭക്കു പുറത്തല്ല; സഭയിൽ ആണ് രക്ഷ. സഭ രക്ഷകനല്ല: കാരണം സഭ എന്നതു രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ്. (പ്രവൃത്തി 2:47) ഇതു വാസ്തവമാണെങ്കിൽ, ധാർമ്മികമായി നല്ല ആളുകാം, മററു മതസംഘടനകളിൽ ഉള്ളവർ, ദൈവത്തെ അറിയാത്ത വിദൂര സ്ഥലങ്ങളിൽ കഴിയുന്നവർ എല്ലാം കർത്താവിന്റെ സഭയിൽ അംഗങ്ങളായി തീർന്നില്ലായെങ്കിൽ അവർ നഷ്ടപ്പെട്ടവർ തന്നെ. അവർ ദൈവത്തെ അനുസരിക്കാത്തതുകൊണ്ട് ദൈവത്തിന്റെ ഭവനത്തിൽ പ്രവേശിക്കുന്നില്ല. അക്കാരണത്താൽ അവർക്കു സ്വാസ്ഥതയുമില്ല. ക്രിസ്തുവിനെയും അവന്റെ സഭയെയും മാററിനിർത്തി മനുഷ്യരുടെ സ്വന്തം ഇഷ്ടമനുസരിച്ചുകൊണ്ട് ദൈവം അവരെ സ്വീകരിക്കണമെന്നു പറയുന്നതു യുക്തിക്കു നിരക്കാത്തതു തന്നെ.

ആറാമതായി, കർത്താവിന്റെ വചനം അനുസരിക്കുന്നവർ രക്ഷ പ്രാപിക്കയും സഭയോടു ചേർക്കപ്പെടുകയും ചെയ്യുന്നു. അവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നതിൽ വിശ്വസ്ഥരായിരിക്കണം. വചനപ്രകാരം മരണപര്യന്തം അവർ ജീവിച്ചാൽ സ്വർഗ്ഗ

ത്തിൽ പ്രവേശിക്കും (പ്രവൃത്തി 20:7; യോഹന്നാൻ 4:24). ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികൾ, അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും അപ്പം നുറുക്കിയും വന്നു. പുതിയ നിയമവാക്യങ്ങളിൽ ഏറിയപങ്കും, ഓരോ ക്രിസ്ത്യാനിയും തിന്മയെ ഉപേക്ഷിച്ച്, യേശുക്രിസ്തു നടന്നതുപോലെ നടക്കുവാൻ പ്രബോധിപ്പിക്കുകയാണ് ചെയ്യുന്നത്. ചെയ്യരുതാത്തതും ചെയ്യേണ്ടതുമായ അനേകകാര്യങ്ങൾ ഇവിടെ വിവരിച്ചിട്ടുണ്ട്. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. ചിലർക്കു ഒന്നും മററുചിലർക്കു വേറൊന്നും ഉപാധികൾ ദൈവം വെച്ചിട്ടില്ല. എല്ലാവരും ദൈവത്തെ അനുസരിക്കണം, കർത്താവിന്റെ സഭയിൽ ആകണം. മരണപര്യന്തം വിശ്വസ്ഥ ക്രിസ്ത്രീയ ജീവിതം നയിക്കണം. ഇതാണ് സ്വർഗത്തിൽ പോകുവാൻ ഇച്ഛിക്കുന്നവർ ചെയ്യേണ്ടത്.

നിങ്ങൾ ഒരിക്കലും വഞ്ചിതരാകാതിരിക്കുക, നിങ്ങൾ സുവിശേഷം അനുസരിച്ചിട്ടുണ്ടോ? നിങ്ങൾ ക്രിസ്തുവിന്റെ സഭയിലെ അംഗമായി തീർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ട വ്യക്തിയാണ്. നിങ്ങളോടു എനിക്കുള്ള അപേക്ഷ, നിങ്ങൾ കർത്താവിന്റെ വചനം അനുസരിക്കുകയും കർത്താവിന്റെ സഭയിൽ ആയിത്തീരുകയും ചെയ്യാൻ ദൈവം സഹായിക്കട്ടെ. നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിതീർന്നു എങ്കിൽ തെററിപ്പോകാതെ കർത്താവിന്റെ ശരീരമാകുന്ന സഭയിൽ വിശ്വസ്തമായി ജീവിക്കുക. അങ്ങനെ ചെയ്താൽ ഒരു നാൾ നിങ്ങൾക്കു സ്വർഗ്ഗീയ ഭവനം ആസ്വദിക്കാം. അല്ലാതെ മറെറാരു വഴിയുമില്ല.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnana-sundaram and J. C Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays— 9 : 00 to 9 : 15 P. M.
Fridays— 7 : 45 to 8 : 00 P M.

HINDI – *Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.

Tuesdays— 9 : 00 to 9 : 15 P,M.
Thursdays— 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.
Sundays— 12 : 45 to 1 : 00 P.M.

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001.

Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P.M.
Thursdays- 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P.M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.

Tuesdays & Fridays— 3 : 45 to 4 : 00 P.M.

KANNADA—The Voice of truth-Speaker Robert Rathnakar-Box. 448, Bangalore-560004

Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Prinetd and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis 90095/ 86/ A8, Regd. No. KL/TV (N) 22

We look forward to having the pleasure of your fellowship for

## ALL KERALA PREACHERS MEET - 1990

An Exciting Experience to share with

Please confirm your arrival

| | |
|---|---|
| WELCOME: ALL LEADERS, TEACHERS & FAMILIES | Date; April 11th to 13th |
| AT; THE CHURCH OF CHRIST BUILDING TRIVANDRUM | Timings: 10-00 am to 5-00 pm |

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Trivandrum-695034

To